AKPCTA

കേരളാ പ്രൈവററ്

# കോളേജ് ടീച്ചർ

No. 114

സെപ്ററംബർ 1993

# കത്തുകൾ

## അഡ്മിഷനിലെ നെറികേട്

പ്രീഡിഗ്രി,ഡിഗ്രി പി ജി.ക്ളാസുകളിലേയ്ക്ക് ഇപ്പോഴം നടക്കുന്ന അഡ്മിഷനിൽ വ്യാപകമായി മെറിററ് അട്ടിമറിക്കപ്പെടുകയാണ്. മാനേജുമെൻറും പ്രിൻസിപ്പലും സിൻഡിക്കേററംഗങ്ങളുമെല്ലാം ഇതിൽ കുററക്കാരാണ്. മന്ത്രിമാരും എം. എൽ എ. മാരും രാഷ്ട്രീയപ്പാർട്ടിനേതാക്കന്മാരും, കൊടുത്തയയ്ക്കുന്ന ശുപാർശക്കത്തുകഠക്കനുസരിച്ച് സീററ് പങ്കുവെച്ചുകൊടുക്കുന്ന പ്രിൻസിപ്പലന്മാർ ധാരാളമുണ്ട് നിയമം വിട്ട് അഡ്മിഷൻ നടക്കുന്നുണ്ടോ എന്നു പരിശോധിക്കേണ്ട സിൻഡിക്കേററംഗങ്ങഠ തന്നെ സീററിനുവേണ്ടി ശുപാർശക്കത്തുകഠ കൊടുത്തയയ്ക്കുകയാണ്. മാർജിനൽ സീററെന്ന പേരിൽ ഗഡുക്കളായി സീററനുവദിക്കുന്നത് അഴിമതിക്കുവേണ്ടിയാണ്. മാസങ്ങളോളം അഡ്മിഷൻ നീട്ടിക്കൊണ്ടുപോകുന്നതും മുമ്പെങ്ങുമില്ലാത്ത ഏർപ്പാടാണ്. കേരള യൂണിവേഴ്സിററിയിൽ ആഗസ്ററ് രണ്ടാം തീയതി ആരംഭിച്ച ഡിഗ്രി അഡ്മിഷൻ സെപ്തംബർ 17-ാം തീയതി അവസാനിപ്പിച്ചാൽ മതിയെന്നാണ് യൂണിവേഴ്സിററി നിർദ്ദേശിച്ചിരിക്കുന്നത് ഇത്രയും കാലം അഡ്മിഷൻ തുറന്നിട്ടുകൊടുത്തിരിക്കുന്നതുതന്നെ അഴിമതിക്കല്ലേ? ഡിഗ്രി ക്ളാസുകഠ എന്നാണ് ശരിക്ക് തുടങ്ങാൻ കഴിയുക? അഡ്മിഷനിൽ നടക്കുന്ന ഈ നെറികേടുകഠ കോളേജിലെ കുഴപ്പങ്ങഠക്ക് കാരണമാകുന്നില്ലേ? ഇതവസാനിപ്പിക്കാൻ എ കെ പി സി ടി എ മുൻകൈ എടുക്കണമെന്ന അഭ്യർത്ഥിക്കുന്നു.

**ആർ. മോഹനകൃഷ്ണൻ**

എൻ എസ് എസ് കോളേജ് നിലമേൽ

## വിശ്വസിക്കാൻ കഴിയുന്നില്ല

എസ് എൻ കോളേജ് അധ്യാപകർക്ക് ഇൻട്രാ യൂണിവേഴ്സിററി ട്രാൻസ്ഫർ നോംസ് അനുസരിച്ച് സ്ഥലംമാററം നടപ്പിലായി എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. എത്രകാലമായി എ കെ പി സി ടി എ ഇതിനുവേണ്ടി പോരാടുകയായിരുന്നു. എൻ എസ് എസ് കോളേജുകളിലും ഈ നിയമം നടപ്പിലായെങ്കിൽ എന്ന് ആശിക്കുകയാണ്. എത്ര അധ്യാപകർക്ക് അത് ആശ്വാസമായേനെ. കേരള യൂണിവേഴ്സിററി സിൻഡിക്കേററിൽ ഈ നിയമം കെ പി സി ടി യു പ്രതിനിധിയുടെ ഒരൊററ വോട്ടിൻെറ ഭൂരിപക്ഷത്താൽ പരാജയപ്പെട്ടുവെന്ന് ജേർണലിൽവായിച്ചു. സ്ഥലംമാററ നിയമം പരാജയപ്പെടുത്താൽ അധ്യാപക പ്രതിനിധി വോട്ടുചെയ്തുവെന്നോ ? വിശ്വസിക്കാൻ കഴിയുന്നില്ല.

**പത്മകുമാർ**

പി ആർ എൻ എസ് എസ് കോളേജ്

മട്ടന്നൂർ

## വലിയ ഭീഷണി

മുമ്പെങ്ങുമില്ലാത്ത വലിയ ഭീഷണിയാണ് കോളേജധ്യാപകർക്ക് ഇപ്പോഴുണ്ടായിരിക്കുന്നത് ഡിഗ്രി/പ്രീഡിഗ്രി വ്യത്യാസമില്ലാതെ ഇപ്പോഠ പഠിപ്പിച്ചുവരുന്ന നമ്മളെ വെട്ടിമുറിക്കാനുള്ള ബില്ലാണ് നിയമസഭയിൽ അവതരിപ്പിച്ചിരിക്കുന്നത് കോളേജധ്യാപകരായി നിയമിക്കപ്പെട്ടവർ സ്കൂളധ്യാപകരായി തരംതാഴ്ത്തപ്പെടുന്നദുരവസ്ഥ സർവ്വശക്തിയുമുപയോഗിച്ച് ചെറുക്കണം ബില്ല് നിയമസഭയിൽ അവതരിപ്പിച്ച അന്നു തന്നെ സർക്കാരിന് മുന്നറിയിപ്പായി ശക്തമായ പണിമുടക്കുനടത്തിയ എ കെ പി സി ടി എ യ്ക്ക് അഭിനന്ദനങ്ങഠ. ശമ്പളം നഷ്ടപ്പെട്ട് പണിമുടക്കണമെന്നുവന്നപ്പോഠ മാളത്തിലേയ്ക്ക് തലവലിച്ച ചില സംഘടനകളുണ്ടല്ലോ ഏകീകൃത നിയമത്തെ മൽസരിച്ച് മൽസരിച്ച് സ്വാഗതം ചെയ്തുകൊണ്ടിരുന്ന അവർ ആ പണി ഇനിയും തുടരുമോ?

**ജി. യോഹന്നാൻകുട്ടി**

സെൻറ് ജോൺസ് കോളേജ്, അഞ്ചൽ

എഡിററർ
വി. എൻ. മുരളി
മാനേജിംഗ് എഡിററർ
കെ. പി. ദിവാകരൻ നായർ
പത്രാധിപസമിതി
വി. നാരായണൻകുട്ടി
കെ. സദാശിവൻനായർ
പി. ജി. ചന്ദ്രശേഖരൻനായർ
സി. ജെ ശിവശങ്കരൻ
ടി. എൻ. മനോഹരൻ
ജെ. ചന്ദ്ര
രാജേന്ദ്രൻ
ജോണി. കെ. ജോൺ

വിലാസം
എഡിററർ
വസന്തം
ചെമ്പകശേരി നഗർ
കേശവദാസപുരം
തിരുവനന്തപുരം-4
ഫോൺ 442242

മാനേജിംഗ് എഡിററർ
അശ്വതി
എൽ. ഐ. സി. ലയിൻ 'ബി'
പട്ടം
ഫോൺ : 432505

# നയങ്ങൾ തിരുത്തണം

സെപ്തംബർ 9 ചരിത്രപ്രധാന ദിനമാണ്. പോലീസിന്റെയും പട്ടാളത്തിന്റെയും ബലത്തിൽ തേരോട്ടം നടത്തുന്ന ഭരണത്തെ ജനശക്തി അന്നുതളച്ചിട്ടു. പണിയെടുക്കുന്നവരുടെ കരുത്ത് മുമ്പെങ്ങുമില്ലാത്ത വിധം തെളിയിക്കപ്പെട്ടു. സ്വന്തം ശമ്പളം വർദ്ധിപ്പിച്ചുകിട്ടാനല്ല അവർ പണിമുടക്കിയത്. ഇന്ത്യയെ വീണ്ടും വിദേശശക്തികൾക്ക് അടിയറവയ്ക്കരുതെന്ന് ജനങ്ങളൊരുമിച്ച് ആവശ്യപ്പെടുകയായിരുന്നു. നമ്മുടെ കൃഷിയും വ്യവസായവും വിദ്യാഭ്യാസവുമെല്ലാം ഇനിമേൽ വിദേശിയർ നിശ്ചയിക്കുമെന്ന അവസ്ഥയാണ് പുത്തൻ സാമ്പത്തികനയത്തിന്റെ ഫലമായയുണ്ടായിരിക്കുന്നത്. എക്കാലത്തെയും പോലെ, ഇതൊക്കെ ശരിയാണെന്ന് വിളിച്ചുകൂവുന്ന ഒരു വിഭാഗവും നമ്മുടെ രാജ്യത്തുണ്ട്. രാജ്യം തീറെഴുതിയാലും സ്വന്തം കുംഭ വീർക്കണമെന്നേ അവർക്കുള്ളൂ. ബ്രിട്ടീഷുകാരെ പറഞ്ഞുവിട്ടാൽപ്പിന്നെ നമ്മളെ ആരാണുഭരിക്കുകയെന്ന് സ്വാതന്ത്ര്യസമരകാലത്തു ചോദിച്ചവരുടെ പിൻമുറക്കാരാണവർ. ദൂരദർശനും കുത്തകപ്പത്രങ്ങളുമെല്ലാമുപയോഗിച്ച് കറുപ്പിനെ വെളുപ്പാക്കാനുള്ള ശ്രമവും കൊണ്ടുപിടിച്ചു നടക്കുന്നുണ്ട്. വളർന്നുവരുന്ന വർഗീയശക്തികൾക്കുമുമ്പിൽ ഗവൺമെൻറ് കീഴടങ്ങരുതെന്നും ഇന്ത്യൻ മതേതരത്വം സംരക്ഷിക്കണമെന്നും തൊഴിലാളിവർഗ്ഗം ഒരുമിച്ചുനിന്ന് സെപ്തംബർ 9 ന് സർക്കാരിനെ ഓർമ്മപ്പെടുത്തുകയായിരുന്നു. ഈ മുന്നറിയിപ്പുകാണാനും നയങ്ങൾ തിരുത്താനും സർക്കാർ തയ്യാറാകണം.

നമ്മുടെ നാടിനെ സംരക്ഷിക്കാൻ നടന്ന ത്യാഗോജ്ജ്വലസമരത്തിൽ അണിചേർന്ന എല്ലാ അധ്യാപകർക്കും എ. കെ. പി. സി. ടി. എ. യുടെ അഭിനന്ദനങ്ങൾ. □

# AKPCTA-AKGCT നേതൃത്വത്തിൽ സെമിനാർ

## ഉന്നത വിദ്യാഭ്യാസ രംഗം: സജീവ ചർച്ച ഉണ്ടാകണം

നൈനാൻ കോശി

വീണ്ടും കേരളത്തിലെ സർവ്വകലാശാലകൾ ഒരു പുനഃസംവിധാനത്തിനു വിധേയമാകുകയാണ്. പല കാരണങ്ങളാലും പുനസംഘടന ആവശ്യമാണെന്നും തോന്നിയേക്കാം.

ഉന്നത വിദ്യാഭ്യാസരംഗത്ത് പുനഃസംവിധാനമുണ്ടാകുമ്പോൾ അതിന്റെ അടിസ്ഥാന ലക്ഷ്യങ്ങൾ, പ്രമാണങ്ങൾ എന്നിവയെപ്പററിയൊക്കെ പരമാവധി അഭിപ്രായ സമന്വയം ഉണ്ടായിരിക്കേണ്ടതാണ്. അത്തരം സമന്വയത്തിനായി സർക്കാർ ഇതുവരെ തയ്യാറായിട്ടില്ലെന്നതാണു വാസ്തവം.

വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങളെപ്പററി സമഗ്രമായ ഒരു അന്വേഷണവും പരിശോധനയും ഇന്നാവശ്യമാണ്. അത്തരം പരിശോധന ഉണ്ടായതായി തോന്നുന്നില്ല.

അധികാരത്തിലിരിക്കുന്നവർക്ക് ഭരണപരമായ ചില സൗകര്യങ്ങളുണ്ടാക്കുന്നതിനാണ് പുതിയ സർവ്വകലാശാലാ നിയമം എന്ന ധാരണയുണ്ട്. കക്ഷിരാഷ്ട്രീയത്തിനതീതമായി ധൃതികൂട്ടാതെ വിപുലമായ ചർച്ചക്കു ശേഷമേ ഇതുപോലെയുള്ള രംഗങ്ങളിൽ നിയമ നിർമ്മാണമുണ്ടാക്കുവാൻ പാടുള്ളു. നിർഭാഗ്യവശാൽ അത്തരമൊരു നിയമനിർമ്മാണ ശൈലിയല്ല ഈ രാജ്യത്തുള്ളത്.

ഈ നിയമ നിർമ്മാണത്തോട് ഉന്നതവിദ്യാഭ്യാസത്തിൽ താല്പര്യമുള്ളവർക്കു രണ്ടു വിധത്തിൽ പ്രതികരിക്കാം. ഒന്ന്, നിയമസഭയിൽ അവതരിപ്പിച്ചിരിക്കുന്ന ബില്ലിന്റെ വകുപ്പുകളേയും വിശദാംശങ്ങളേയും അപഗ്രഥിക്കുകയും അവയേപ്പററി നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക. രണ്ട്, ഉപരിവിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ഘടകങ്ങളും പ്രശ്നങ്ങളും പഠിച്ച് ആവശ്യമായ പുനപരിശോധനക്കു സഹായിക്കുന്ന വിപുലമായ ചർച്ച നടത്തുക. ആദ്യത്തേ സമീപനം വളരെ പരിമിതമായിരിക്കും.

രണ്ടാമത്തേ സമീപനത്തിലുള്ള പ്രക്രിയയുടെ ഭാഗമാണ് ഇന്നത്തെ സെമിനാർ. ഈ സെമിനാറിലും ഇതുപോലെയുള്ള മററു സെമിനാറുകളിലും കൂടെ ഏററവും വിശാലമായ ഒരു ചർച്ചാവേദി നൽകുവാൻ ഇതിന്റെ സംഘാടകർ ആഗ്രഹിക്കുന്നു.

സർവ്വകലാശാലയുടെ മൗലിക ലക്ഷ്യങ്ങൾ, ഭരണക്രമം, സാമ്പത്തിക കാര്യങ്ങൾ, പരീക്ഷാ സമ്പ്രദായം പങ്കാളിത്തം ഇവയെല്ലാം ഈ ചർച്ചയിൽ വിഷയങ്ങളാണ്. ഇവയേപ്പററിയുള്ള സമഗ്രമായ ആന്വേഷണം ഇന്നത്തെ നിയമ നിർമ്മാണശ്രമത്തിന്റെ അപര്യാപ്തത വെളിവാക്കും.

ഉപരി വിദ്യാഭ്യാസത്തിൽ താല്പര്യമുള്ളവരെല്ലാം ഈപ്രക്രിയയെ ഗൗരവമായെടുക്കുമെന്നും സജീവമായി പങ്കെടുക്കുമെന്നും ഇതിന്റെ സംഘാടകർ പ്രതീക്ഷിക്കുന്നു. (ആഗസ്ററ് 25 ന് തിരുവനന്തപുരത്തു നടന്ന സെമിനാറിൽചെയ്ത പ്രസംഗത്തിന്റെ ചുരുക്കം)

ഉന്നതവിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ ഏകീകൃതനിയമം കൊണ്ടുപരിഹരിക്കാവുന്നതല്ല. ആഴത്തിലുള്ള പരിശോധന ഇക്കാര്യത്തിൽ അനിവാര്യമായിരിക്കുന്നു. ഉന്നതവിദ്യാഭ്യാസത്തിൻെറ മൗലികലക്ഷ്യം, ഭരണക്രമം, സാമ്പത്തികകാര്യങ്ങൾ, പരീക്ഷാവ്യവസ്ഥ, പങ്കാളിത്തം എന്നിവയെപ്പററി വിശദമായ പഠനം വേണം. അതിനുതുടക്കം കുറിച്ചുകൊണ്ട് ആഗസ്ററ് 25ന് തിരുവനന്തപുരത്തുനടന്ന സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധമാണ് താഴെ കൊടുക്കുന്നത്. 'ഉന്നതവിദ്യാഭ്യാസരംഗം സാമൂഹ്യ ബാധകളും സാമ്പത്തിക പ്രശ്നങ്ങളും, എന്നതാണ് വിഷയം. ഈ സെമിനാറിൽ പങ്കെടുത്തവരുടെ പ്രതികരണങ്ങളിൽ ചിലതും ഇതോടൊപ്പം കൊടുക്കുന്നു. നിങ്ങളുടെ അഭിപ്രായങ്ങൾ എഡിററുടെ പേർക്ക് അയച്ചുതരിക.

പി. കെ. മൈക്കിൾ തരകൻ*

# ഉന്നതവിദ്യാഭ്യാസരംഗത്തെ ചില അടിസ്ഥാനപ്രശ്നങ്ങൾ ഒരു ഹ്രസ്വാവലോകനം

## അവതരണം

കേരളത്തിലെ സമകാലീന പശ്ചാത്തലത്തിൽ താരതമ്യേന കൂടുതൽ വിവാദ വിഷയമാകുന്നതും, കൂടുതൽ ആശങ്ക സൃഷ്ടിക്കുന്നതും ആയ വിദ്യാഭ്യാസഘട്ടം ഉന്നതവിദ്യാഭ്യാസമാകുന്നു ഏകീകൃതസർവ്വകലാശാല നിയമം, സ്വാശ്രയ കോളേജുകൾ, സ്വയംഭരണസ്ഥാപനങ്ങൾ എന്നിങ്ങനെ നിരവധി പരിപാടികളിലൂടെ ഈ രംഗത്തെ ചില പ്രശ്നങ്ങൾക്കെങ്കിലും ഔദ്യോഗികമായി പരിഹാരം തേടിക്കൊണ്ടിരിക്കുകയുമാണല്ലോ? ഇത്തരം പരിഹാര മാർഗങ്ങളെ ഒന്നൊന്നായി എടുത്തു ചർച്ച ചെയ്യാതെ, അവയെ അടിസ്ഥാനപരമായി സ്വാധീനിക്കുന്ന സമീപനങ്ങളെക്കുറിച്ചുള്ള ചിന്തകൾ കൂടുതൽ വിശദമായ ചർച്ചയ്ക്കായി അവതരിപ്പിക്കുക എന്നതാണു ഈ പ്രബന്ധത്തിൻെറ ഉദ്ദേശം.

സാധാരണയായി, വിദ്യാഭ്യാസ പ്രക്രിയയുടെ വിവിധ ഘട്ടങ്ങളെ തരംതിരിച്ച്, ചർച്ച

*തിരുവനന്തപുരത്തുള്ള സെൻറർഫോർ ഡെവലപ്പ്മെൻറ് സററഡീസിലെഅസോസിയേററ്ഫെല്ലോ

സംഘടിപ്പിക്കുകയാണ് ചെയ്യാറുള്ളത്. എന്നാൽ വിവിധഘട്ടങ്ങളായി കാണുന്നതുകൊണ്ടുമാത്രം, വിദ്യാഭ്യാസ പ്രക്രിയയുടെ വിശകലനം ത്വരിതപ്പെടുകയോ, കൂടുതൽ ആഴങ്ങളിലേക്ക് നയിക്കുകയോ ചെയ്യുന്നില്ല ഉന്നത വിദ്യാഭ്യാസത്തിന് അതിൽ തന്നെ "സ്വതന്ത്രമായ" നിലനിൽപ്പില്ല എങ്കിലും, ഇവിടെ അവതരിപ്പിക്കുന്ന ചർച്ച ഈ ഘടകത്തെ ഊന്നിക്കൊണ്ടുള്ളതായതിന് കാരണം, ഈ രംഗത്തെ പ്രശ്നങ്ങൾ ഉയർത്തുന്ന വ്യാപകമായ ആശങ്കയാണ്.

## എണ്ണത്തിന്റെ പ്രശ്നം

വിദ്യാഭ്യാസരംഗത്തെ പല പ്രശ്നങ്ങൾക്കും അടിസ്ഥാനമായി കാണുന്നത് വർധിച്ചുവരുന്ന വിദ്യാർഥികളുടെ എണ്ണമാണ്. വിദ്യാഭ്യാസ ആസൂത്രണത്തിൽ ജനസംഖ്യാപരമായ മുൻപ്രവചനാടിസ്ഥാനത്തിലുള്ള (Demographic projection) പഠനങ്ങളുടെ സാംഗത്യം ഈ സമീപനത്തിൽ നിന്നാണ് ആവിർഭവിക്കുന്നത്. ഒരു വശത്ത് വിദ്യാർഥികളുടെ ഉയർന്ന എണ്ണം വിദ്യാഭ്യാസ സൗകര്യങ്ങളെ അപര്യാപ്തമാക്കുന്നുവെന്നും വിദ്യാഭ്യാസത്തിന്റെ ഗുണപരമായ നിലവാരം തകർക്കുന്നുവെന്നും അനുമാനിക്കപ്പെടുന്നു മറുവശത്ത്, കേരളം പോലെ ജനസംഖ്യാവളർച്ചാ നിരക്കുകളിൽ കുറവു സംഭവിച്ച പ്രദേശങ്ങളിൽ, ഇന്നു നിലനിൽക്കുന്ന വിദ്യാഭ്യാസസൗകര്യങ്ങൾ അതേനിലയിൽത്തന്നെ തുടരണമോ എന്നും, അതിലേക്കായി പൊതു ഖജനാവിൽ നിന്നും ഇന്നു ചിലവിടുന്ന തോതിൽ തുടർന്നും ചിലവിടണമോ എന്നും ചോദ്യങ്ങൾ ഉന്നയിക്കപ്പെടുന്നു മറ്റൊരർത്ഥത്തിൽ, കേരളത്തെപ്പോലുള്ള ഒരു പ്രദേശത്ത് മേൽപ്പറഞ്ഞ തരത്തിലുള്ള സന്ദേഹങ്ങൾ പ്രസക്തമായി തോന്നാമെങ്കിലും താത്വികമായി അതിലടങ്ങിയിരിക്കുന്ന സമീപനം, പ്രാഥമിക വിദ്യാഭ്യാസരംഗത്ത്, തുലോം ദുർബലമാണ്[1] ഈ രംഗത്ത് സാർവലൗകിക പ്രാഥമിക വിദ്യാഭ്യാസവും സംസ്കൃതലോകം മുഴുവനും അടിസ്ഥാന ലക്ഷ്യങ്ങളായി അംഗീകരിച്ചിരിക്കുന്നു. സ്വകാര്യവൽക്കരണത്തിന്റെ പ്രഖ്യാത വക്താക്കൾ പോലും പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് സ്കൂളുകൾ സ്ഥാപിക്കുകയും നടത്തിക്കൊണ്ടു പോകുകയും ചെയ്യുന്ന കാര്യത്തിൽ സർക്കാർ വഹിക്കേണ്ട പങ്കിനെ അടിവരയിട്ടു പറയുന്നുണ്ട്.[2] പ്രാഥമിക വിദ്യാഭ്യാസത്തെ അടിസ്ഥാന അവകാശമായി (basic right/good/service) പരിഗണിക്കുന്നതുകൊണ്ടും അതിന്റെ പ്രദാനത്തിൽ (supply) ചോദനം (demand) മനസ്സിലാക്കുന്നതിനു സഹായകരമാകുകയില്ല എന്ന നിഗമനം കൊണ്ടും ആണ് ഇത്തരം അഭിപ്രായം രൂപപ്പെട്ടത്.

ഈ പശ്ചാത്തലത്തിൽ സർക്കാർ തന്നെ മുൻകൈയെടുത്ത് സാർവലൗകികമായ പ്രാഥമിക വിദ്യാഭ്യാസം നടപ്പിലാക്കുകയും, നിലവിലിരിക്കുന്ന വിദ്യാഭ്യാസ പ്രക്രിയയെ ഗുണപരമായി ഉയർത്തുകയും ആണ് ചെയ്യേണ്ടത്. അല്ലാതെ ജനസംഖ്യയിൽ വന്നേക്കാവുന്ന ഏറ്റക്കുറച്ചിലുകൾ അനുസരിച്ച് പിന്നീട് പുനർനിർമിക്കുവാൻ പ്രയാസമായ വിദ്യാഭ്യാസ സൗകര്യങ്ങളിൽ മാറ്റം വരുത്തുകയല്ലവേണ്ടത്. ഇതു പറയുമ്പോൾ തന്നെ, ഈ രംഗത്ത് പൊതുഖജനാവിൽ നിന്നും മറ്റുസ്രോതസ്സുകളിൽ നിന്നുമുള്ള ചെലവുകൾക്കായുള്ള വിഭവങ്ങളുടെ സമാഹരണത്തിലും വിനിയോഗത്തിലും അടിസ്ഥാനപരമായ യുക്തിപരത (rationalisation) ആവശ്യമാണ് എന്നു ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു

പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് ഈ വാദം ശരിയായിരിക്കാം. പക്ഷേ ഉന്നത വിദ്യാഭ്യാസ രംഗത്തോ? പ്രാഥമിക വിദ്യാഭ്യാസത്തെ അടിസ്ഥാനപരമായ അവകാശമായി—ഭക്ഷണം, പാർപ്പിടം, വസ്ത്രം, പൊതുജനാരോഗ്യം എന്നിവയെപ്പോലെ—വിശേഷിപ്പിച്ചു കഴിഞ്ഞു. ആ അർഥത്തിലായാലും അതിനുവേണ്ടി വരുന്ന കുറഞ്ഞ നിരക്കിലുള്ള പ്രതിശീർഷ സ്വകാര്യവും പൊതുവായതുമായ ചെലവു പരിഗണിച്ചായാലും, ഈ ഘട്ടത്തിലുള്ള വിദ്യാഭ്യാസത്തെ ഉപഭോഗമായി (consumption) കാണുവാൻ കഴിയും. എന്നാൽ ഉന്നതവിദ്യാഭ്യാസ രംഗത്തെ, അതായത് ഉന്നത സാങ്കേതിക പരിശീലനത്തിന്റെയും ബിരുദാനന്തര പഠനത്തിന്റെയും ഉന്നത ഗവേഷണത്തിന്റെയും രംഗത്തെ ഉപഭോഗം മാത്രമായി കാണുവാൻ കഴിയില്ല [illegible], അതിനെ മാനുഷിക വിഭവങ്ങളുടെ വികസന പ്രക്രിയയിലെ (Human Resources Development) [illegible] (Investment) [illegible] ഈ [illegible] വിദ്യാഭ്യാസ ഘട്ടങ്ങളെയും [illegible] കാണുന്നത് [illegible]

ക്കുന്നതാണ്. ഇതിനുദാഹരണമാണ്, പ്രാഥമിക വിദ്യാഭ്യാസം മാത്രം കൈമുതലായിട്ടുള്ള അവിദഗ്ധ (Unskilled) തൊഴിലാളികൾ നാടുവിടുമ്പോൾ കാണാത്ത ആശങ്ക, ഉന്നത ബിരുദധാരികളെ നഷ്ടപ്പെടുമ്പോൾ—അതിനെ മസ്തിഷ്കചോർച്ച (Brain Drain) എന്നും മററും വിശേഷിപ്പിക്കുന്നതിലൂടെ—പ്രകടമാകുന്നത്.

ഉന്നതവിദ്യാഭ്യാസത്തെ നിക്ഷേപമായികാണുന്നതിൽ നിന്നുതന്നെ ആ രംഗത്ത് എല്ലാവർക്കും സൗകര്യം ഏർപ്പെടുത്തുവാൻ ആകുകയില്ല എന്ന് അനുക്തസിദ്ധമാകുന്നു. നിക്ഷേപിക്കുവാനുള്ള വിഭവങ്ങളുടെ ദൗർലഭ്യം, ഒരേ സമയത്ത് മററു രംഗങ്ങളിലും നിക്ഷേപിക്കുവാനുള്ള ബാധ്യത എന്നിവയിൽ നിന്നുമാണ്, എല്ലാവർക്കും സൗകര്യം ഏർപ്പെടുത്തിക്കൊടുക്കുന്ന കാര്യത്തിൽ വൈഷമ്യം ഉണ്ടാകുന്നത്. ഇതിനു വിരുദ്ധമായി ഓരോ വ്യക്തിക്കും ഏതുതലം വരെയും വിദ്യാഭ്യാസം ചെയ്യാനുള്ള സൗകര്യം ഏർപ്പെടുത്തണമെന്ന ഒരു വാദം ഉണ്ട്. ഈ വാദത്തെ സാധൂകരിക്കുവാൻ, തികച്ചും വ്യക്ത്യധിഷ്ഠിതമായ ഒരു കാഴ്ചപ്പാട് സ്വീകരിക്കേണ്ടി വരും. ഓരോ വ്യക്തിയിലും ഉള്ള കഴിവുകളെ—അവ സമൂഹത്തിന് ആവശ്യമുണ്ടെങ്കിലും, ഇല്ലെങ്കിലും അവയെ വികസിപ്പിക്കുവാൻ സമൂഹത്തിനു കഴിവുണ്ടെങ്കിലും ഇല്ലെങ്കിലും—ഏതെങ്കിലും വിധത്തിൽ വികസിപ്പിച്ചെടുത്ത് (സമൂഹ താല്പര്യങ്ങളെ അവഗണിക്കുന്ന സ്ഥിതിക്ക്) ഏററവും ഉയർന്ന തരത്തിലുള്ള സ്വകാര്യലാഭത്തിനായി (Private returns) ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യമാണ് ഈ സമീപനത്തിൽ അടങ്ങിയിരിക്കുന്നത്. ഇങ്ങിനെ അനിയന്ത്രിതമായി കഴിവുകൾ വികസിപ്പിക്കുവാൻ പോയാൽ, അതിനോട് തത്തുല്യമോ കൂടുതൽ പ്രാധാന്യമുള്ളതോ ആയ മററു രംഗങ്ങളിൽ നിക്ഷേപിക്കേണ്ട വിഭവങ്ങളുടെ 'ദുശ്ചെലവു' (misinvestment) ആയിരിക്കും ഫലം.

ഉന്നത വിദ്യാഭ്യാസത്തെ മാനുഷിക വിഭവ വികസനരംഗത്തെ നിക്ഷേപമായി കാണുകയാണെങ്കിൽ, അതിൽ സ്വകാര്യ (Private) നിക്ഷേപത്തോടൊപ്പം പൊതു (public) നിക്ഷേപവും അടങ്ങിയിരിക്കുന്നതായി അംഗീകരിക്കേണ്ടിവരുന്നു. വിദ്യാഭ്യാസച്ചെലവുകളെ സംബന്ധിച്ചുള്ള സാങ്കേതിക പഠനങ്ങൾ, വ്യക്തിപരമായ ചെലവുകളെയും സ്ഥാപനവൽകൃതമായ (Institutional) നിക്ഷേപങ്ങളേയും രണ്ടായിക്കാണുകയും അവയിൽ ആദ്യത്തേതിനെ സ്വകാര്യ നിക്ഷേപമായും രണ്ടാമത്തേതിനെ പൊതുനിക്ഷേപമായും കാണുകയും ചെയ്യുന്നു ഒരുപടികൂടികടന്ന് സ്ഥാപനവൽകൃതമായ നിക്ഷേപത്തെതന്നെ സ്വകാര്യവും—അതായത് പൊതുസ്രോതസ്സുകളിൽ നിന്നും നേരിട്ടുൽഭവിക്കാത്തതും—പൊതുസ്വഭാവമുള്ളതുമായി തരം തിരിച്ചാലും, വിദ്യാഭ്യാസരംഗത്തെ പൊതുനിക്ഷേപത്തിൻെറ അനിവാര്യത അംഗീകരിക്കാതിരിക്കാനാകുകയില്ല. ഔപചാരികമോഅനൗപചാരികമോ ആയ ഒരു വിദ്യാഭ്യാസ സംവിധാനം നിലനിൽക്കണമെങ്കിൽ, സാമൂഹിക ഘടനയുടെ നിലനിൽപ്പ് അനിവാര്യമാണല്ലോ. ഇതിനത്യാവശ്യമായ സമാധാനപരിപാലനം, നിയമവാഴ്ച വിദ്യാഭ്യാസാനുബന്ധരംഗങ്ങളായ പൊതുജനാരോഗ്യം, യാത്രാസൗകരങ്ങൾ എന്നിവയുടെയും അടിസ്ഥാനാവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവയുടെയും ലഭ്യത എന്നിങ്ങനെ സാധാരണയായി കാണാതെപോകുന്ന (Invisible) കാര്യങ്ങളിൽ, പൊതുവായ നിക്ഷേപവും മുതൽ മുടക്കും ഉണ്ട്. ഈ രംഗങ്ങളിലെ നിക്ഷേപങ്ങൾക്കുവേണ്ട സൗകര്യം ഒരുക്കുന്നത്, വ്യക്തിക്കുപരിയായി സമൂഹമാണല്ലോ. ഇതിൻെറ അടിസ്ഥാനത്തിൽ, സാമൂഹ്യനിയന്ത്രണത്തിനു വിധേയമായേ ഉന്നത വിദ്യാഭ്യാസത്തിൻെറ ലക്ഷ്യങ്ങളും ഘടനയും സ്വഭാവവും നിശ്ചയിക്കുവാനാകുകയുള്ളൂ

## ഉന്നതവിദ്യാഭ്യാസയോഗ്യതയിൽ നിന്നുള്ള വരുമാനം

ഉന്നത വിദ്യാഭ്യാസം സാമൂഹിക നിയന്ത്രണത്തിനു വിധേയവും സമൂഹനിഷ്ഠവുമായ പ്രക്രിയ ആണ് എന്ന് ഇതിൽ നിന്ന് സ്പഷ്ടമാണ് അപ്പോൾ സമൂഹത്തിൻെറ കഴിവും താല്പര്യവും അനുസരിച്ച് ചിലരെ മാത്രമേ ഈ ഘട്ടത്തിൽ പ്രവേശിപ്പിക്കുവാനാകുകയുള്ളൂ എന്നാൽ ഈ പ്രക്രിയയിലൂ

ടെ കടന്നുപോകുന്നവർക്ക് അതിന്റെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന പ്രതിഫലത്തിന്റെ (returns) അടിസ്ഥാനത്തിലാണ്, സാമ്പത്തിക ശാസ്ത്രവിധിപ്രകാരം, ഈ രംഗത്തിന്റെ 'വില' നിശ്ചയിക്കുക. അതിൽ വിദ്യാഭ്യാസ യോഗ്യത ലഭിച്ചവർക്ക് ലഭ്യമാകുന്ന ശമ്പളവും മററും പ്രധാനമാണ്. ഇത്തരുണത്തിൽ ഓർമിക്കേണ്ട മറെറാരു സംഗതികൂടിയുണ്ട്. വിദ്യാഭ്യസം നടപ്പിലാകുന്നത് വെവ്വേറെ വ്യക്തികളിലൂടെയാണ്. ഉന്നത വിദ്യാഭ്യാസം ലഭിച്ച ഒരു വ്യക്തിയുടെ വികസിതമായ മാനുഷിക വിഭവശക്തിയുടെമേൽ സമൂഹത്തിന് അവകാശം ഉന്നയിക്കാമെങ്കിലും, അത് ഒരു സ്വകാര്യസ്വത്തായിട്ടാണല്ലോ പ്രത്യക്ഷത്തിൽ കാണപ്പെടുക. ഇങ്ങനെയുള്ള സ്വകാര്യ സ്വത്തിന്റെ രൂപീകരണത്തിൽ പ്രമുഖ്യം വഹിക്കുന്ന വിദ്യാഭ്യാസത്തിനായുള്ള ചെലവ് പൂർണമായും സ്വകാര്യസ്രോതസ്സുകളിൽനിന്നുമായിരിക്കണം. ഇതങ്ങിനെയല്ല എന്നു നാം കണ്ടുകഴിഞ്ഞു. വിദ്യാഭ്യാസത്തിന് യാതൊരു വിധത്തിലുള്ള സഹായധനവും (Subsidy) ലഭ്യമാകരുത് എന്നും വാദിക്കാം. ഈ വാദം ശരിയാകണമെങ്കിൽ ഉന്നതവിദ്യാഭ്യാസപ്രക്രിയയിലൂടെ വികസിതമാകുന്ന മനുഷ്യ വിഭവശക്തി പൂർണമായോ മുഖ്യമായോ സ്വകാര്യവരുമാനത്തെ ലക്ഷ്യമാക്കി വിനിയോഗിക്കപ്പെടണം. എന്നാലിത് സാധാരണരീതിയിൽ നടപ്പിലാകുകയില്ല എന്നതിനുപുറമേ ഉന്നത വിദ്യാഭ്യാസം സമൂഹാധിഷ്ഠിതമായ പ്രക്രിയയാണ് എന്ന അനുമാനത്തിന്റെ അടിസ്ഥാനത്തിൽ അപ്രസക്തവുമാകുന്നു.

ഈ വിമർശനം ഒരു പരിധിവരെ അംഗീകരിക്കപ്പെടുന്നു എന്നതിന്റെ തെളിവുകളാണ്, സാമ്പത്തികശാസ്ത്രപഠനങ്ങൾ സ്വകാര്യചെലവിനോടൊപ്പവും സ്വകാര്യവരുമാനങ്ങളോടൊപ്പവും സാമൂഹികചെലവുകളും സാമൂഹികവരുമാനങ്ങളും കണക്കുക്കൂട്ടുവാൻ മുതിരുന്നത്. എന്നാലും മുമ്പുപറഞ്ഞ 'അപ്രസക്തത, പലരും കാണാതെപോകുന്നു എന്നതാണ് വസ്തുത. ഈ പശ്ചാത്തലത്തിലാണ് വിദ്യാഭ്യാസരംഗത്ത് സാധാരണയായി കാണാതെ പോകുന്നതും (invisibles) കണക്കിലെടുക്കാതെപോകുന്നതും, മുമ്പുസൂചിപ്പിച്ചതുമായ ചില പൊതു നിക്ഷേപങ്ങളുടെ സാംഗത്യത്തിലേക്ക് വിരൽ ചൂണ്ടേണ്ടി വരിക. വിദ്യാലയ സംബന്ധമായ ചെലവുകൾ എത്രമാത്രം 'സ്വകാര്യമായിരുന്നാലും, വിദ്യാഭ്യാസ പ്രക്രിയ നടന്നുപോകണമെങ്കിൽ വിവിധ തരത്തിലുള്ള പൊതുമുതൽ മുടക്കിന്റെ ഫലങ്ങൾകൂടി വേണ്ടിവരുന്നു. അങ്ങനെ ചിന്തിക്കുമ്പോൾ ഉന്നതവിദ്യാഭ്യാസത്തിലൂടെ വികസിതമാകുന്ന മനുഷ്യശക്തിയുടെമേൽ സമൂഹത്തിന് ആദ്യാവകാശം (first preference) ഉണ്ടായിരിക്കണമെന്നും അത് അനിയന്ത്രിതമായി കമ്പോളത്തിൽ 'വിററ്' ലാഭമുണ്ടാക്കുവാനുള്ള സ്വകാര്യചേരക്കല്ലെന്നും സ്ഥാപിതമാകുന്നു,

ഇങ്ങനെ വിദ്യാഭ്യാസപ്രക്രിയയുടെ സാമൂഹികസ്വഭാവത്തെ ഉയർത്തിപ്പിടിക്കാമെങ്കിലും വിദ്യാഭ്യാസ നേട്ടങ്ങൾ തികച്ചും സ്വകാര്യമായി, വ്യക്തിപരമായി ആണ് കൈവരിക്കുക എന്നത് പൂർണമായി നിരാകരിക്കുവാനാകുകയില്ല ഈ പശ്ചാത്തലത്തിൽ എങ്ങനെയാണ് ഉന്നതവിദ്യാഭ്യാസത്തിലൂടെ വികസിതമായ മാനുഷികവിഭവശേഷിയുടെ മേൽ സമൂഹത്തിന്റെ ആദ്യാവകാശം സ്ഥാപിച്ചെടുക്കുക എന്നു പരിശോധിക്കാം. ഒന്നാമതായി ചെയ്യാവുന്നത്, വിദ്യാഭ്യാസനന്തരസേവനത്തെ സാമൂഹികപ്രാധാന്യമുള്ള ചില രംഗങ്ങളിൽ, ഒരു പ്രത്യേക സമയപരിധിവരെ നിർബന്ധിതമായി കുറഞ്ഞ വേതന നിരക്കിൽ ലഭ്യമാക്കണമെന്നു നിശ്ചയിക്കാം. ഇതിൽ വന്നുഭവിക്കാവുന്ന ദൗർബല്യങ്ങളുണ്ട് ഒന്ന്, ഈ പരിപാടിയുടെ മേൽനോട്ടത്തി (Super vision/policing) നുവേണ്ടിവരുന്ന ബുദ്ധിമുട്ടുകളും ചെലവുകളും അതുമായി ബന്ധപ്പെട്ട് ആവിർഭവിക്കാവുന്ന അഴിമതിയുടേയും കൈക്കൂലിയുടേയും പ്രശ്നങ്ങളും. രണ്ട്, നിർബന്ധിത സമയപരിധി കഴിയുമ്പോൾ, അക്കാലത്ത് 'നഷ്ടപ്പെട്ട' വരുമാനംകൂടി കണക്കിലെടുത്ത്, ഉന്നത വിദ്യാഭ്യാസം ലഭിച്ചവർ, അവരുടെ സേവനത്തിന്, വളരെ ഉയർന്ന 'വില'നിരക്കുകൾ ചോദിക്കുവാനുള്ളസാധ്യത. മറെറാന്ന് ചെയ്യാവുന്നത്, ആസൂത്രിതമായ സമ്പദ്‌വ്യവസ്ഥയിൽ, സാമൂഹിക പ്രാധാന്യമുള്ള രംഗങ്ങളിലെ സേവനത്തിനു താരതമ്യേന ഉയർന്ന ഔദ്യോഗികവേതനം (administered wage rate) നിശ്ചയിച്ച്, അങ്ങനെ

(ശേഷം 17-ാം പേജിൽ)

# Threat to varsity autonomy

**R. Krishnakumar**

The implications of the Bill recently Introduced in the Kerala Assembly to unify the laws governing the three affiliating universities in the State and to increase substantially the powers of the Government to intervene in their affairs should serve as a warning to educationists and academic institutions in the country.

The controversial provisions in the Kerala Universities Bill, 1993, now under the consideration of an Assembly Subject Committee, include the following powers for the Government to issue mandatory directives to the Kerala Calicut and Mahatma Gandhi Universities; enhancement of the powers of the Education Minister (as Pro-Chancellor) to call for any information and to issue binding instructions to these universities removal of procedural safeguards attached to the existing provisions allowing the Government to take action based on inspection of "any matter connected with the universities" and, concentration of Government officals and potentially pro-Government nominees in the Syndicates, which are to replace the Senates, as the chief executive authorities with all the major powers.

According to the Education Minister, Mr. E T Muhammed Basheer, the objective behind these drastic provisions is "efficient administration and financial control and accountability in higher education" His critics, some from even the ruling Congress (I) led coalition say that in effect. however, the Bill seeks to relegate the universities to the status of Government departments.

The reasons for such a Bill in Kerala known for its achievements in the field of education, hold lessons for other States. In Kerala, a major proportion of the educational institutions are under politically-powerful private and community interests, which have, from early days, influenced the State decision to set apart a major part of its revenue for education Government spending on education in Kerala is today one of the highest among the States Such concentration of tax money in one sector had resulted in the educational institutions becoming objects of popular attention and often concern, and thus vulnerable to political pressures.

Another important aspect was that pre-degree students were always in a majority in the universities in the State. They drained away a lot of resources meant for really 'higher' education and had somehow made politicians view the universities as subjects on which they could impose Government decisions,as is done in the high school sector. Earlier efforts to delink the pre-degree courses from the universities had failed because the ruling and Opposition political coalitions were always working at cross purposes, regardless of academic interests The Bill now seeks to do it as the large number of pre-degree students is one among the many reasons identified for the simultaneous lowering of standards—of facilities, teachers and students.

The expansion of the university system also required special administrative talent, especially the Vice-Chancellors. But the State often saw many

academician Vice-Chancellors fail as administrators and IAS officers on deputation and politicians gain prominence and pawer in university bodies. Over the years, the Vice-Chancellorships have also become appointments based on political and communal considerations rather than on merit In the three universities, political groups are today so powerful that the Vice-Chancellors often find themselves at their mercy and students and teachers are trapped in political issues which often have no academic significance. These instances have played a crucial part in the dismantling of the idea of university as an institution whose autonomy is to be preserved if it is ever to achieve its lofty objectives.

Politicisation of Kerala's universities reached such a stage that the consequent turmoil in campus politics associated with the coming to power of the UDF Government in 1991 led to drastic changes in the power equations in the university bodies. Instances of examination irregularities, financial and administrative mismanagement were many in the past few years,

The most prominent single issue that rocked the higher education sector in the State recently was a violent agitation unleashed by the SFI, the student wing of the CPI (M), against the continuance in office of the UDF appointed Kerala University Vice-Chancellor Dr. J V Vilanilam, because of yet-to-be-proved allegations regarding his qualifications. The Vice-Chancellor has not been able to attend office for the past 16 months but has refused to step down denying the allegations, quoting statutes and questioning the powers of the Government to remove him. The Bill now seeks to strengthen the provisions in the existing Acts for the removal of Vice-Chancellors.

Thus, if one sets aside the issue of allegations against Dr. Vilanilam, the Vice-Chancellor's refusal to bow to the Opposition or the Government is probably the last instance in which any university in Kerala or its authorities could stand up against political encroachments on their autonomy and authority.

Critics of the Bill say that after making a mess of higher education through conscious politicisation, the perpetrators themselves are arguing for more political interference as a solution to the problems of the universities. They also say that in its hurry to arrogate to itself the powers for intervention in the universities, the State Government has failed to look into history.

There have been several instances in different parts of the country in which the Governments tried to introduce such laws to control universities under various pretexts and had to withdraw such legislation because of popular opposition and sometimes even judicial intervention. The various education commissions appointed by the Centre, the States ans the UGC have held that even though autonomous institutions may not always achieve the great ideals tor which they are established, the universities which are not autonomous are hardly likely ever to achieve their noble objectives.

Over the years a consensus has evolved in the country that autonomy is sacred if the universities are to function effectively But there is also a recognition of "the right of the community at large to make the universities responsive to the needs and requirements of the country " As the UGC Commission appointed to consider issues relating to governance of the universities and colleges has said, "the concept of univ-

## എ കെ പി സി ടി എ വിജയിച്ചു

വർക്കല എസ്. എൻ. കോളേജ് കൗൺസിലിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ എ. കെ. പി. സി. ടി. എ. സ്ഥാനാർത്ഥികളായ ശ്രീ. റ്റി. എൻ. മനോഹരനും, ശ്രീ. ആർ. ഹരീന്ദ്രബാബുവും വൻപിച്ച ഭൂരിപക്ഷത്തോടെ തിരഞ്ഞെടുക്കപ്പെട്ടു.

ersity autonomy is not a 'legal concept' not even a 'constitutional concept'. It is an ethical concept and an acedemic concept. This concept does not question that in a democratic society like ours, the legislators are ultimately sovereign, and have a right to determine the strucure of the universities, their rights and obligations... The concept of university autonomy however means that it would be appropriate on the part of democratic legislators not to interfere with the administration of university affairs, both academic and non-academic.

With the Kerala Universities Bill, the debate about university antonomy vis-a-vis Government control has started again: Should the universities, like the judiciary, have autonomy as a matter of right? Should the question of university autonomy be discussed at all, without considering the purpose for which they are established, the socio-economic context which they exist, the sources which provide them funds and, most important, the politics that engulfs them and the hopes needs of their clients?

The Kerala Government claims that it has no inteation of taking away university autonomy. The Bill is to ensure autonomy coupled with accountability in universities, according to the Education Minister. But the Government pretends ignorance of the powers it already has under the existing Acts to intervene and correct aberrations in the universities. The provisions in the Bill indicate that the State desires to do more and get involved actively in the day to day administration of the universities. But the extent to which the Government is able to succeed in its efforts would depend a lot on the current state of public opinion about Kerala's universities.

Tragically it is against this public opinion that the healthy conventions of autonomy developed over years of relationship of Indian universities with their Governments are likely to fail. The appalling state of affairs in the three universities, caused certainly not by a lack of Government/political intervention in their affairs, has created an impression that the university community in Kerala has lost the moral right to demand autonomy which should rightly be its. But neither does anyone believe that the new Bill would cause a fundamental change for the better in the three universities.

(The Hindu)

സി. ശരച്ചന്ദ്രൻ

# അഴിമതിയുടെ അർഥശാസ്ത്രം

വർഷങ്ങൾക്ക് മുമ്പ് സ്റ്റോക്ക്ഹോമിലെ സുപ്രസിദ്ധമായ അന്താരാഷ്ട്ര സാമ്പത്തിക ഗവേഷണകേന്ദ്രത്തിൽവച്ച്, ലോകപ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞനും സ്വീഡനിലെ ധൈഷണികരംഗത്തെ ഇതിഹാസപുരുഷനുമായ പ്രൊഫ. ഗുണ്ണാർ മിർഡാലുമായി(Prof, Gunnar Myrdal)നടന്ന ഒരു സംഭാഷണം എന്റെ മനസിൽ ഇന്നും ഉണർന്നുകിടക്കുന്നുണ്ട്. ഒരു സന്ധ്യയ്ക്ക് മിർഡാലിന്റെ ഓഫീസിൽ കയറിചെന്നപ്പോൾ അദ്ദേഹം പിൽക്കാലത്ത് വളരെയധികം ശ്രദ്ധേയമായിത്തീർന്ന 'ഏഷ്യൻനാടകം' (Asian Drama)എന്ന കൃതിയുടെ രചനയിൽ മുഴുകിയിരിക്കുകയായിരുന്നു. എന്നെ കണ്ടപ്പോൾ മിർഡാൽ കടലാസുകളിൽ നിന്ന് തലപൊക്കി, വായിലെ പൈപ്പ് പതുക്കെ കൈയിലെടുത്തുകൊണ്ട് പറഞ്ഞു; 'യാദൃശ്ചികമെന്നുപറയട്ടെ, ഞാൻ ഇപ്പോൾ എഴുതുന്നത് ഇന്ത്യയെപ്പററിയുള്ള അധ്യായമാണ് അതിന്റെ 'ടൈററിൽ' ഇങ്ങനെയാവാമെന്ന് വിചാരിക്കുന്നു. 'അഴിമതിയുടെ സാമ്പത്തിക സിദ്ധാന്തം : ഒരു വസ്തുതാപഠനം'' (An Econimic Theory of Corruption: A Case-study)· അതെന്നെ അത്ഭുതപ്പെടുത്തിയില്ല. എന്നാൽ, മിർഡാൽ ആ അധ്യായത്തിന്റെ ആദ്യവാചകം ഉദ്ധരിച്ചപ്പോൾ അതെന്നെ അല്പം ചിന്തിപ്പിക്കുക തന്നെ ചെയ്തു.

''അഴിമതിയെ ഒരു വ്യക്തിയുടെ വഴിപിഴച്ചപോക്കായി മാത്രം കാണുന്നത് ശരിയാവില്ല. അത്, വാസ്തവത്തിൽ രോഗാതുരമായ ഒരു സമ്പദ്വ്യവസ്ഥയുടെ ലക്ഷണമാണ്. (Corruption should not be seen as an aberration of an individual· It, in fact, is the symptom of a diseasestricken economy)

അഴിമതിയെ രോഗത്തെക്കാളേറെ രോഗലക്ഷണമായികാണുന്ന മിർഡാലിന്റെ ആ വീക്ഷണം കുറെയൊക്കെ ശരിയാണെന്ന് ഇന്ത്യയുടെ സാമ്പത്തിക വികാസത്തിന്റെ അന്തർധാരകൾ പരിശോധിക്കുമ്പോൾ മനസിലാകും.

## രാക്ഷസന്റെ മുഖം

അഴിമതിയുടെ സാധാരണ രൂപം നമ്മൾ എവിടെയാണ് കാണുന്നത്?

ഒരു റേഷൻ കാർഡ് ലഭിക്കാൻ കൊടുക്കേണ്ടിവരുന്ന കൈക്കൂലി. ഒരു പോലീസുകാരന് നൽകുന്ന കൈമടക്ക്, ബാങ്ക്ലോൺ അനുവദിച്ചുകിട്ടുമ്പോൾ കൈവിട്ടുപോകുന്ന 'നിശ്ചിത ശതമാനം'—ഇതെല്ലാമാണ് ഒരു സാധാരണക്കാരൻ കാണുന്ന അഴിമതിയുടെമുഖം. എന്നാൽ അഴിമതിയുടെ ശക്തവും ഭീകരവുമായ മറുവശം നമ്മിൽനിന്ന് മറഞ്ഞുനിൽക്കുന്നു. കോടിക്കണക്കിനുള്ള കള്ളക്കടത്തുകൾ, സ്വിസ് ബാങ്കുകളിൽ കുമിഞ്ഞു കൂടുന്ന വൻ നിക്ഷേപങ്ങൾ, രാഷ്ട്രീയപാർട്ടികൾക്ക് കമ്പനികൾ നൽകുന്ന വൻതുകകൾ—ഇവയൊക്കെയാണ് നമ്മുടെ സമ്പദ്വ്യവസ്ഥയെ കാര്യമായി പിടിച്ചുകുലുക്കുകയും പലപ്പോഴും ഇളക്കി മറിക്കുകയും ചെയ്യുന്ന സമാന്തര സമ്പദ്വ്യവസ്ഥയുടെ രാക്ഷസരൂപം.

രണ്ടുതലങ്ങളിൽ നിൽക്കുന്നതാണെങ്കിലും ഈ രണ്ടുതരം അഴിമതികളും ഒരുപോലെ സങ്കീർണ്ണങ്ങളാണ്. ട്രാഫിക്ക് പോലീസുകാരന് കൊടുക്കുന്ന ആ കൈമടക്കുതന്നെ എടുക്കുക. അയാൾ പറയും; 'ഞാൻ എന്റെകുട്ടിയെ സ്ക്കൂളിൽ ചേർക്കാൻ പോകുമ്പോൾ അവർ എന്നോടു ചോദിക്കുന്ന സംഭാവന 5000 രൂപയാണ്. എന്റെ ശമ്പളം കൊണ്ടുമാത്രം അത് കൊടുക്കാനാവില്ല. അവന്റെ ഭാവി എനിക്ക് പ്രധാനമാണ്.' അപ്പോൾ ഒരു കൊച്ചുകുട്ടിയുടെ ഭാവിജീവിതവുമായി ബന്ധപ്പെട്ടുകിടക്കുന്നു ആ ചെറിയ കൈക്കൂലി. അല്ലെങ്കിൽ ആ ചെറിയ സർക്കാരുദ്യോഗസ്ഥൻ നിങ്ങളോടു പറഞ്ഞേക്കും. 'ഞാൻ നിങ്ങളോടു ചോദിക്കുന്ന ഈ 'സഹായം' നിങ്ങൾ അഴിമതിയായി കണ്ടേക്കാം. പക്ഷേ, ഈ ജോലി കിട്ടാൻ ഞാൻ കൊടുക്കേണ്ടിവന്ന തുക ഒരു ലക്ഷമാണ്. അതിന്നെടുത്ത കടം എനിക്ക് വീട്ടാതിരിക്കാൻ സാധിക്കുമോ? അപ്പോൾ...''

## കറങ്ങുന്നചക്രം

അഴിമതിയുടെ അർഥശാസ്ത്രം അപഗ്രഥിക്കുമ്പോൾ പലപ്പോഴും വിട്ടുപോകുന്നത് ഈ സാമൂഹിക—സാമ്പത്തിക പശ്ചാത്തലമാണ്. ആ പശ്ചാത്തലത്തിൽ നിന്ന് അഞ്ചു വസ്തുതകൾ നമുക്ക് മാററി നിർത്താം.

- അഴിമതിയിൽ വലിയൊരു ഭാഗം വിഭവ ദൗർലഭ്യത്തിൽ (shortages) നിന്നാണ് ഉത്ഭവിക്കുന്നത്.
- ദൗർലഭ്യം നിയന്ത്രണങ്ങളിലേക്കും (controls) ക്രമീകൃതമായ വിതരണ സമ്പ്രദായങ്ങളിലേക്കും (rationing) നയിക്കുന്നു.
- നിയന്ത്രണങ്ങൾ വരുമ്പോൾ അത് മറികടക്കാനുള്ള തന്ത്രങ്ങളും അത് നേടിത്തരാനുള്ള ഉപജാപക സംഘവും രംഗത്ത് വരുന്നു.
- നിയന്ത്രണങ്ങളും നിയമങ്ങളും മറികടക്കുമ്പോൾ സംഭവിക്കുന്നത്, വിഭവങ്ങൾ അനധികൃത മേഖലകളിലേക്ക് ഒഴുകുകയാണ്, ബാങ്കുകൾക്ക് പകരം ബ്ളേഡ് കമ്പനികൾ ഉയരുന്നതുപോലെ.
- അങ്ങനെ ഒഴുകുന്ന വിഭവങ്ങൾ കുറെ കറുത്തപണം സൃഷ്ടിക്കുന്നു: അത് വളർന്നു വലുതായി ഒരു സമാന്തര സമ്പദ്സ്ഥിതി രൂപപ്പെടുത്തുകയുംചെയ്യുന്നു.

ആ സമാന്തര സമ്പദ്സ്ഥിതി, വിഭവ ദൗർലഭ്യങ്ങളെ കൂടുതൽ വഷളാക്കാനിടയുണ്ട്. ചക്രം വീണ്ടും കറങ്ങുകയായി. ആ ചെറിയ 'പൊതികൾ' എവിടെയാണ് ചെന്നെത്തുന്നത എന്ന് നോക്കുക. കുഴഞ്ഞുമറിഞ്ഞ ഈ ചിത്രം നമുക്കല്പം വിശദമായി പരിശോധിക്കാം.

അഴിമതിയുടെ വലിയൊരു ഭാഗം ദൗർലഭ്യങ്ങളിൽ നിന്നാണ് ഉയരുന്നതെന്ന കാര്യം നമ്മുടെ നിത്യജീവിതത്തിൽ നിന്നുതന്നെ മനസിലാക്കാമല്ലോ. അരിക്കും പഞ്ചസാരക്കും ക്ഷാമമുണ്ടായിരുന്ന കാലത്താണല്ലോ അവയുടെ കരിഞ്ചന്ത ഇവിടെ ഊർജിതമായി നടന്നിരുന്നത്. ഇന്ന് അരിയും പഞ്ചസാരയും മാർക്കററിൽ ആവശ്യത്തിന് വന്നുതുടങ്ങിയപ്പോൾ കരിഞ്ചന്ത താനേ അമർന്നടങ്ങി. പക്ഷേ, അപ്പോഴേക്കും സിമൻറിനും ഉരുക്കിനും ക്ഷാമമായി ഈ കള്ളക്കച്ചവടം അങ്ങോട്ടു നീങ്ങി.

ആദ്യമാദ്യം സാധനങ്ങളിൽ തുടങ്ങിയ ഈ കരിച്ചന്ത പിന്നീട് സേവനങ്ങളിലേക്ക് (services)നീങ്ങി. നമ്മുടെ വിദ്യാഭ്യാസരംഗം തന്നെയാണ് ഇതിന് മൂർത്തമായ ഉദാഹരണം. പ്രൈമറി സ്ക്കൂൾ പ്രവേശനത്തിനു വാങ്ങുന്ന മൂവായിരം രൂപമുതൽ മെഡിക്കൽകോളേജ് 'അഡ്മിഷനു' കൊടുക്കുന്ന അഞ്ചുലക്ഷം 'സംഭാവന'വരെ ഇത് നീണ്ടുകിടക്കുന്നു. സ്ക്കൂൾ കോളേജ് പ്രവേശനങ്ങൾ ഇന്ന് കരിഞ്ചന്തയിലെ പ്രിയപ്പെട്ട ഉല്പന്നങ്ങളാണ്. തൊഴിലവസരങ്ങൾ കുറഞ്ഞ കേരളത്തിൽ ഒരധ്യാപക വൃത്തിക്ക് ഒന്നോ രണ്ടോ ലക്ഷം രൂപയാവും മാർക്കററിലെ വില. സേവനങ്ങളിലെ ഈ കരിഞ്ചന്ത ഇന്ന് വലിയ വ്യവസായമായി വളർന്നു വന്നിരിക്കുന്നു. നികുതികളും തീരുവകളും കുറച്ചുകിട്ടാനുള്ള 'സഹായങ്ങൾ' മുതൽ ഗൾഫ് ജോലികൾവരെ ഈ സേവന വിദഗ്ദ്ധർ (consultants) ഒപ്പിച്ചുകൊടുക്കുന്നു.

### നിയന്ത്രണത്തിൻെറ ഫലം

ദൗർബല്യങ്ങളെ ക്രമീകരിക്കാനുള്ള ശ്രമങ്ങളിലാണല്ലോ നിയന്ത്രണങ്ങൾ വരുന്നത്. നിയന്ത്രണങ്ങളുടെ സദുദ്ദേശപരമായ വശം ക്യൂ പാലിക്കുക എന്നതാണ്. എല്ലാവർക്കും അർഹമായ രീതിയിൽ കിട്ടേണ്ടതുകിട്ടുമാറാക്കുക എന്നതാണല്ലോ 'ക്യു' വിൻെറ ലക്ഷ്യം. പക്ഷേ 'ക്യു'വരുമ്പോൾ അതുമറികടക്കാനുള്ള ആവേശവും അതു സാധിപ്പക്കുന്ന ഇടനിലക്കാരും രംഗത്തുവരുന്നു

ഇൻഡ്യയുടെ സാമ്പത്തികരംഗത്ത് സംഭവിക്കുന്ന വൻ അഴിമതികളിൽ പലതും ഈ യിയന്ത്രണങ്ങളിൽ നിന്നാണ് ഉയരുന്നത്. വ്യവസായങ്ങൾ സ്ഥാപിക്കാനും നടത്തിക്കൊണ്ടുപോകാനുമുള്ള ലൈസൻസുകൾ മുതൽ അത്യാവശ്യ സാധനങ്ങൾ ഇറക്കുമതി ചെയ്യാനുള്ള അനുവാദങ്ങൾ(permits)വരെ ഈ നിയന്ത്രണങ്ങളിലുൾപ്പെടുന്നു. ഈ അധികാരം ഇന്ന് നമ്മുടെ ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിൻെറ വളർച്ചയെ വളരെ സഹായിച്ചിട്ടുണ്ട്. ലൈസൻസുകളും പെർമിററുകളും അനുവദിക്കുന്ന അധികാരിവർഗവും അവരുടെ സഹായങ്ങളിലൂടെ വളർന്നു വലുതാവുന്ന ഒരു കുട്ടംവ്യവസായസാമ്രാജ്യങ്ങളുമാണ് ഇന്ന് നമ്മുടെ സാ

സമ്പത്തിക മേഖലയുടെ താളം തെററിക്കുന്നത്. രാഷ്ട്രത്തിന്റെ സാമ്പത്തിക വികസനം ഒരു ചെറിയ കൂട്ടം ആളുകളിൽ അമർന്നു കിടക്കുമ്പോൾ, ആ ലൈസൻസുകളും പെർമിററുകളും കരിഞ്ചന്തയിൽ ഉല്പന്നങ്ങളാവുന്നു. അപ്പോൾ സംഭവിക്കുന്നത് രാഷ്ട്രത്തിന്റെ ക്രമീകൃതമായ വികസനമല്ല, ഒരു കൂട്ടം വ്യക്തികളുടെ സ്വാർത്ഥ താല്പര്യങ്ങളുടെയും ധനസമ്പാദനത്തിന്റെയും വളർച്ചയാണ്. ഇന്നു വിദ്യാലയങ്ങൾ മുതൽ മദ്യഷാപ്പുകൾ വരെ സർക്കാർ നിയന്ത്രണങ്ങളിൽ പെടുന്നു. വിജ്ഞാനം മുതൽ ലഹരി വരെ എന്നു പറയട്ടെ.

## കുടിലും പഞ്ചനക്ഷത്രവും

താളംതെററിയ ഈ വികസനത്തിന്റെ കഥ കഴിഞ്ഞ 45 കൊല്ലങ്ങളായി നാം കണ്ടുകൊണ്ടിരിക്കുന്നതാണ്. അതിന്റെ വ്യക്തമായ ഒരു ഫലം വിഭവങ്ങൾ ജനങ്ങൾക്ക് ആവശ്യമുള്ള മേഖലകളിലേക്കു നീങ്ങുന്നില്ല എന്നതാണ്. രാഷ്ട്രത്തിലെ 40 ശതമാനം ജനങ്ങളും നിരക്ഷരരായിരിക്കുമ്പോൾ, സർക്കാരിന്റെ വിദ്യാഭ്യാസബജററിൽ അധികവും ഉന്നതവിദ്യാഭ്യാസത്തിലേക്കു ചെലവഴിക്കപ്പെടുന്നു. നമ്മുടെ ആറു ലക്ഷം ഗ്രാമങ്ങളിൽ പകുതിയിലധികം കുടിവെള്ളം കിട്ടാതെ വലയുമ്പോൾ ഗവൺമെൻറ് ലൈസൻസ് നൽകിയത് ബിയർ ഉൽപാദിപ്പിക്കാനുള്ള 62 കമ്പനികൾക്കാണ് നമ്മുടെ കൊച്ചുകുട്ടികൾ വെളിച്ചം കേറാത്ത, വെള്ളപൂശാത്ത ഓലകുടിലുകളിൽ ഇരുന്ന് എഴുത്തും വായനയും പഠിക്കുമ്പോൾ, നമ്മുടെ സിമൻറും ഉരുക്കും നീങ്ങുന്നത് അപ്പുറത്തെ വൻ നഗരങ്ങളിലെ പഞ്ചനക്ഷത്ര ഹോട്ടലുകൾ പണിയുന്നതിനാണ്.

മിക്ക വികസിക്കുന്ന രാഷ്ട്രങ്ങളിലും അവർ വികസനത്തിന്റെ പാതയിലൂടെ നീങ്ങുമ്പോൾ, മനുഷ്യാവശ്യത്തിൽ ഒഴിച്ചുകൂടാൻ വയ്യാത്ത ആ അടിസ്ഥാനവിഭവങ്ങൾ വെള്ളം വെളിച്ചം തുടങ്ങിയവ കൂടുതൽ കൂടുതൽ സുലഭമായി വരുകയാണ് പതിവ്. എന്നാൽ ഇന്ത്യയുടെ കഥ മറിച്ചാണ്. ഇതു രണ്ടും ഇന്ന് കൂടുതൽ ഇല്ലാതായി വരികയാണ്. എന്നാൽ അത്രയൊന്നും ആവശ്യമില്ലാത്ത ഉപഭോഗ സാധനങ്ങൾക്കു ക്ഷാമമില്ലതാനും. മാരുതി കമ്പനിക്കാർ അടുത്തകാലത്ത് പുറത്തിറക്കിയ 'സെൻ' (zen) എന്ന പുതുപുത്തൻ കാറിന്റെ

നമ്മുടെകൊച്ചുകുട്ടികൾ വെളിച്ചം കേറാത്ത,വെള്ളപൂശാത്ത ഓലക്കുടിലുകളിൽ ഇരുന്ന് എഴുത്തും വായനയും പഠിക്കുമ്പോൾ,നമ്മുടെ സിമൻറും ഉരുക്കും നീങ്ങുന്നത് അപ്പുറത്തെ വൻ നഗരങ്ങളിലെ പഞ്ചനക്ഷത്ര ഹോട്ടലുകൾ പണിയുന്നതിനാണ്.

കഥ തന്നെയെടുക്കുക. ഒരു കാറിന്റെ വില മൂന്നു ലക്ഷത്തിലധികമാണ് അതു വാങ്ങാൻ 60,000 പേരാണ് ക്യൂ നിൽക്കുന്നത്. അതായത് ആയിരത്തെണ്ണൂറുകോടി രൂപയുടെ മുടക്കുമുതൽ. അതുകൊണ്ട് നമുക്ക് ഇൻഡ്യയിലെ എല്ലാ ഗ്രാമങ്ങളിലും വെള്ളവും വെളിച്ചവും എത്തിക്കാം.

അത് എന്തുകൊണ്ട് സാധിക്കുന്നില്ല? വിഭവങ്ങളും അതുല്പാദിപ്പിച്ചു കിട്ടുന്ന ആദായങ്ങളും അധികാരവും ഒരു ന്യൂനപക്ഷത്തിന്റെ കൈയിലാണ്. അവർക്കാവശ്യം മാരുതിക്കാറു പഞ്ചനക്ഷത്ര ഹോട്ടലുകളും തന്നെയാണ്. ഇൻഡ്യയിലെ പാവപ്പെട്ടവരുടെ 'ഉച്ചക്കഞ്ഞി'യും ഓലമേഞ്ഞ കുടിലുകളും നമുക്ക് പിന്നെ നോക്കാം എന്നാണ് അവരുടെ മനോഭാവം.

## കരിമ്പണത്തിന്റെ ഉറവ

അതവിടെ നിൽക്കട്ടെ നമുക്ക് ആ ലൈസൻസുകളിലേക്കും പെർമിററുകളിലേക്കും മടങ്ങാം. പലപ്പോഴും ഈ ലൈസൻസുകളും പെർമിററുകളും തന്നെ കരിഞ്ചന്തയിൽ വിൽക്കപ്പെടുന്നു. നൂറു ശതമാനം വരെ 'അധികതുക' (premium) ലഭിക്കുന്നതാണു പലതും വ്യവസായികളും രാഷ്ട്രീയനേതാക്കളും ഉദ്യോഗസ്ഥവൃന്ദവും തമ്മിൽ ചേരുമ്പോൾ കൈമാറുന്ന ഈ വൻതുകകൾ എവിടെനിന്നു വരുന്നു എന്നു നിങ്ങൾ ആലോചിച്ചുവോ? അനധികൃതമായി കൊടുക്കുന്ന ഈ തുകകൾ വ്യവസായങ്ങൾക്ക് അവരുടെ നിയമപരമായ കണക്കുകളിൽ പെടുത്താനാവില്ലല്ലോ. പിന്നെ എവിടെ നിന്നാണ് ഇത്രയും വലിയ സംഖ്യകൾ വന്നു ചേരുന്നത്? അവിടെയാണ് സമാന്തര സമ്പദ് വ്യവസ്ഥയുടെ (Parallel Economy) നിലനില്പ് നമുക്ക് മനസ്സിലാക്കേണ്ടത്.

ഒരർഥത്തിൽ ഈ സമാന്തര വ്യവസ്ഥ സമാന്തരമല്ല. അതധികവും അധോലോകത്തിലാണ് പ്രവർത്തിക്കുന്നത് (subterranean economy) ഈ അധോലോക സമ്പദ്ഘടനയുടെ ഉത്ഭവപരിണാമങ്ങൾ നമുക്കൊന്ന് പരിശോധിക്കാം.

ഇൻഡ്യയുടെ ദേശീയ വരുമാനം ഇന്ന് ഏകദേശം രണ്ടു ലക്ഷം കോടി രൂപയാണെന്നു കണക്കാക്കപ്പെടുന്നു. അതിന്റെ മൂന്നിലൊന്നെങ്കിലും, അതായത് എഴുപതിനായിരം കോടി രൂപയോളം 'കരിമ്പണ'മായി (black money) പ്രവർത്തിക്കുന്നു എന്നു കരുതപ്പെടുന്നു. എഴുപതിനായിരം കോടി രൂപ വർഷന്തോറും എവിടെനിന്നു വരുന്നു? അത് എവിടെ ചെന്നവസാനിക്കുന്നു?

പൊതുജന ധാരണ ഈ തുകയിലധികവും നികുതി വെട്ടിപ്പിൽനിന്നാണ് ഉയരുന്നതെന്നാണ്. സത്യം അതല്ല. ഇൻകംടാക്സ് പോലെയുള്ള പ്രത്യക്ഷ നികുതികളിൽനിന്നു ചോർന്നുപോകുന്ന തുക ഒരു വർഷം രണ്ടായിരം കോടി രൂപയിൽ കവിയില്ല എന്നതാണ് വാസ്തവം. എന്നാൽ കള്ളക്കടത്തുകൾ, കയററുമതി ഇറക്കുമതി വ്യാപാരങ്ങളിലെ കള്ളക്കണക്കുകൾ തുടങ്ങിയവ വഴി ചോർന്നു പോകുന്ന തുകകൾ ഇതെല്ലാം കൂടി അറുപതിനായിരം കോടിയിലധികമാണ്. ഈ അധോലോക വ്യാപാരം എങ്ങനെ നടക്കുന്നു?

## മഞ്ഞദാഹം

ഇതിലെ മുഖ്യ ഇനം ഇൻഡ്യയിലേക്ക് അനധികൃതമായി കടത്തുന്ന സ്വർണമാണ്. രാജ്യത്തെ പകുതിയിലധികം ഗ്രാമങ്ങളിലും കുടിവെള്ളമില്ലെങ്കിലും സ്വർണത്തിനുള്ള ദാഹം നമ്മിൽ ഇനിയും അടങ്ങിയിട്ടില്ല. ഒരു വർഷം മുന്നൂറു ടൺ സ്വർണമാണ് കള്ളക്കടത്തിലൂടെ ഇൻഡ്യയിലെത്തുന്നത്. എങ്ങനെയാണ് ഈ സ്വർണക്കടത്ത് രാജ്യത്തിന്റെ സാമ്പത്തികഭദ്രതയെ ബാധിക്കുന്നത്? ഈ മുന്നൂറു ടൺ സ്വർണത്തിന്റെ വില പതിനായിരം കോടി രൂപയോളം വരും. അതിനു വിദേശനാണ്യമായി കൊടുക്കുന്ന തുകയധികവും ഇൻഡ്യയുടെ കയററുമതിയിൽ നിന്നും ഇറക്കുമതിയിൽ നിന്നും ചോർത്തിയെടുക്കുന്നതാണ്. കയററുമതിയിനത്തിലെ ശരിയായ തുക കൃത്രിമമായി വെട്ടിക്കുറച്ച് രേഖകൾ ഉണ്ടാക്കുന്നു. എന്നിട്ട് വ്യത്യാസം വരുന്ന സംഖ്യ വിദേശബാങ്കുകളിൽ, പലപ്പോഴും സ്വിസ് ബാങ്കുകളിൽ നിക്ഷേപിക്കപ്പെടുന്നു. അതുപോലെ തന്നെ ഇറക്കുമതി ചെയ്യുന്ന സാധനങ്ങളുടെ വില കൃത്രിമമായി കൂട്ടിക്കാണിക്കുന്ന രേഖകൾ ഉണ്ടാക്കി ആ തുകയും ചോർത്തിയെടുക്കുന്നു. ഈ വൻതുകകളാണ് സ്വർണത്തിന്റെ വിലയായി കൊടുക്കുന്നത്. ഈ കാര്യം ഈയിടെ ധനകാര്യമന്ത്രി ഡോ. മൻമോഹൻ സിങ്ങ് തന്നെ വ്യക്തമാക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു "ഇൻഡ്യയും സ്വിററ്സർലണ്ടും തമ്മിലുള്ള വാണിജ്യ വ്യാപാരങ്ങൾ വളരെ തുച്ഛമാണ്. എന്നാൽ സൂറിക്കിലേക്കും ജനീവയിലേക്കും പറക്കുന്ന വിമാനങ്ങളിലെല്ലാം തിരക്കാണ്. എങ്ങോട്ടാണ്. എന്തിനാണ് ഇവർ പോകുന്നത് എന്ന കാര്യം നമുക്കൂഹിക്കാമല്ലോ?"

സ്വർണമാണ് പ്രധാനമെങ്കിലും, അതു മാത്രമല്ല ഈ കള്ളക്കടത്തിലെ വിഭവങ്ങൾ. ഇലക്ട്രോണിക് സാധനങ്ങൾ, പോളിയേസ്ററർ തുണിത്തരങ്ങൾ, ലോഹപദാർഥങ്ങൾ—ഇങ്ങനെ പലതും നിയമത്തിന്റെ കണ്ണുവെട്ടിച്ച് ഇന്ത്യയിൽ എത്തുന്നുണ്ട്. വിദേശത്തുനിന്നും ഇന്ത്യയിലേക്ക് നടക്കുന്ന ഈ കടത്ത് പോലെ ഇന്ത്യയിൽനിന്ന് വെള്ളിയും മററും വിദേശനാടുകളിലേക്കും നിയമവിരുദ്ധമായി നീങ്ങുന്നുണ്ട്. ഇതെല്ലാം കൂടിയാണ് ഖജനാവിൽ ഒരുവർഷം അറുപതിനായിരം കോടി രൂപയോളം വിദേശനാണ്യം നഷ്ടം സംഭവിക്കുന്നത്. ഈ തുക ഇന്ത്യയുടെ ഒരുവർഷത്തെ ആകെ കയററുമതി (മുപ്പത്തെണ്ണായിരം കോടി രൂപ) യേക്കാൾ എത്രയോ കൂടുതലാണ്. അപ്പോൾ ഇന്ത്യക്ക് ആവശ്യമുള്ള വിദേശനാണ്യം ലാഭിക്കാൻ ഈ കള്ളക്കടത്തുകൾ നിർത്തിയാൽ മാത്രം മതിയെന്ന് വ്യക്തം.

## കറുത്ത ഒഴുക്ക്

ഈ സമാന്തര സമ്പദ് വ്യവസ്ഥയിൽ നിന്ന് ഉത്ഭവിക്കുന്ന കോടിക്കണക്കിനുള്ള കറുത്തപണം എങ്ങോട്ടൊക്കെയാണ് വ്യാപിക്കുന്നത് എന്നുകൂടി നോക്കാം.

പ്രധാനമായും മൂന്ന് മേഖലകളിലേക്കാണ് ഈ പണത്തിലധികവും ചെന്നുചേരുന്ന

ത് എന്ന് വ്യക്തമാണ്. നഗരഭൂമി (Urban property) കളിലെ വിലകൂടിയ കേന്ദ്ര സ്ഥാനങ്ങളും പ്രദേശങ്ങളും കൈയടക്കുന്നതിലാണ് വലിയൊരു പങ്കു ചെന്നുചേരുന്നത്. ബോംബെയിലേയും ഡൽഹിയിലേയും 'നഗരഭൂമി'കളിൽ വലിയൊരു ശതമാനം ചെറിയൊരു ന്യൂനപക്ഷത്തിന്റെ കൈയിലൊതുങ്ങിക്കഴിഞ്ഞിരിക്കുന്നു. കഴിഞ്ഞ പത്ത് വർഷങ്ങളിൽ ഈ നഗരങ്ങളിൽ ഭൂമിയുടെ വില ആയിരം ശതമാനം ഉയർന്നിട്ടുണ്ട്. അതിന്റെ ഒരു പരിണതഫലം നഗരങ്ങളിലെ ചേരിപ്രദേശങ്ങളുടെ സീമാതീതമായ വർധനയാണ്. സാധാരണക്കാർക്ക് ഒതുങ്ങാത്ത വിലയിലേക്ക് നഗരഭൂമി നീങ്ങുമ്പോൾ അവർക്ക് ചേരികളിലേക്ക് മാറാനേ ഗതിയുള്ളൂ.

ഈ കറുത്ത പണം ഒഴുകുന്ന രണ്ടാമത്തെ മേഖല അവശ്യസാധനങ്ങളുടെ പൂഴ്ത്തിവെപ്പാണ്. അതുവഴി ആ സാധനങ്ങളുടെ വില മാർക്കറ്റിൽ കൃത്രിമമായി തള്ളിക്കയറ്റുകയും അങ്ങനെ കൊള്ളലാഭം നേടുകയും ചെയ്യുന്നു.

എന്നാൽ, ഇതിലുമധികം ഒച്ചപ്പാടും വിവാദവും സൃഷ്ടിക്കുന്നത് ഈ 'കരിമ്പണം' രാഷ്ട്രീയ പാർട്ടികൾക്കുള്ള സംഭാവനയായി തീരുമ്പോഴാണ്. ഇന്ന് മിക്ക രാഷ്ട്രീയപാർട്ടികളും അവരുടെ തിരഞ്ഞെടുപ്പ് ഫണ്ടിലേക്ക് വ്യവസായങ്ങളെ സമീപിക്കുന്നു എന്ന കാര്യം മറച്ചുവെച്ചിട്ടു കാര്യമില്ല. കമ്പനികൾക്ക് നിയമപരമായിത്തന്നെ അത്തരം സംഭാവനകൾ നൽകാമെന്ന് വ്യവസ്ഥയുണ്ടെങ്കിലും ഒരുകമ്പനിയും പരസ്യമായി ഒരു രാഷ്ട്രീയ കക്ഷിയുമായി മാത്രം അടുത്തുനിൽക്കാൻ ആഗ്രഹിക്കുന്നില്ല. അധികാരത്തിലേറുന്ന എല്ലാ പാർട്ടികളുമായും ബന്ധം പുലർത്തുകയാണ് അവരുടെ ലക്ഷ്യം. സർക്കാർ ഇടപാടുകളിൽ ഉണ്ടാവുന്ന അഴിമതിയിൽ വലിയൊരു പങ്ക് ഈ ബന്ധത്തിൽ നിന്നുണ്ടാവുന്നതാണ്.

## കാലഘട്ടത്തിന്റെ നായകന്മാർ

ഇതുകൂടാതെ ഈ കള്ളപ്പണത്തിൽ കുറേ ഭാഗം സ്റ്റോക്ക് മാർക്കറ്റിലും ചെന്നുവീഴുന്നുണ്ട്. ഇന്ന് സ്റ്റോക്ക് മാർക്കറ്റ് എല്ലാവരുടേയും ഹരമാണല്ലോ.

ശ്രീ. എൻ. വി. കൃഷ്ണവാരിയർ 'ഗാന്ധിയും ഗോഡ്സേയും' എന്ന കവിതയിൽ, നമ്മുടെ സമൂഹത്തിൽ വന്ന ഈ മാററത്തെ കൂർത്ത 'സിനിസിസ'ത്തോടെ വിവരിച്ചിട്ടുണ്ട്. ഗാന്ധിജി അരിവാങ്ങാൻ ക്യൂവിൽ നിൽക്കുമ്പോൾ ഗോഡ്സേ പുത്തൻകാറിൽ അതിലേ കടന്നുപോകുന്ന ചിത്രം! അത് വെറും കവിഭാവനയല്ലെന്ന് ഈ കാലഘട്ടത്തിലെ സംഭവങ്ങൾ തന്നെ തെളിയിക്കുന്നില്ലേ?

ഈ സമാന്തര ലോകവും അതിലൂടെ തിളച്ചുമറിയുന്ന പുത്തൻ ജീവിതശൈലിയും ഒരു പുതിയ മൂല്യബോധം നമ്മുടെ സമൂഹത്തിൽ സൃഷ്ടിച്ചിട്ടുണ്ട്. വിജ്ഞാന സമ്പാദനവും ധാർമിക മൂല്യങ്ങളും പുറംകോട്ടുമാറി, ധനസമ്പാദനത്തിന് പ്രാധാന്യം കല്പിക്കുന്ന പുതിയ മൂല്യബോധം! അത് കുറെ പ്രതിനായകന്മാരെയും സൃഷ്ടിക്കുന്നുണ്ട്. ശ്രീ. എൻ വി കൃഷ്ണ വാരിയർ 'ഗാന്ധിയും ഗോഡ്സേയും' എന്ന കവിതയിൽ, നമ്മുടെ സമൂഹത്തിൽ വന്ന ഈ മാററത്തെ കൂർത്ത 'സിനിസിസ'ത്തോടെ വിവരിച്ചിട്ടുണ്ട്. ഗാന്ധിജി അരി വാങ്ങാൻ ക്യൂവിൽ നിൽക്കുമ്പോൾ ഗോഡ്സേ പുത്തൻകാറിൽ അതിലെ കടന്നുപോകുന്ന ചിത്രം! അത് വെറും കവിഭാവനയല്ലെന്ന് ഈ കാലഘട്ടത്തിലെ സംഭവങ്ങൾ തന്നെ തെളിയിക്കുന്നില്ലേ? നമ്മുടെ ബാങ്കുകളിൽനിന്ന് അഞ്ഞൂറായിരത്തിൽപ്പരം കോടി രൂപ തട്ടിയെടുത്ത ഹർഷദ്മേത്ത ബോംബെയിലെ പ്രശസ്തമായ താജ്മഹൽ ഹോട്ടലിൽ വെച്ച് പ്രസ് കോൺഫറൻസുകൾ നടത്തുന്നു. കാട്ടുകൊള്ള നടത്തുന്ന വീരപ്പൻ പത്രങ്ങളുമായി അഭിമുഖ സംഭാഷണങ്ങൾ നടത്തുന്നു. ഇവരു പേരും പ്രധാനപ്പെട്ട മാസികകളുടെ പുറംചട്ടകളിൽസ്ഥലം പിടിക്കുന്നു. നമ്മുടെ കാലഘട്ടത്തിന്റെ നായകന്മാർ!

ഒരുപക്ഷേ, ഈ 'സിനിസിസം' [illegible]റിയ നമ്മുടെ ജീവിതബോധത്തിൽനിന്നുതന്നെ ഉയർന്നതല്ലേ? ജീവിതത്തിലെ [illegible]

(8–ാം പേജിന്റെ തുടർച്ച)

ആ രംഗങ്ങളിലേക്ക് സേവനത്തെ ആകർഷിക്കുകയെന്നതാണ്. എന്നാൽ ഇതിനും ഒരു കുഴപ്പമുണ്ട്. കൂടുതൽ വേതനം എന്ന ആകർഷണവലയത്തിൽപ്പെട്ട്, ആ രംഗങ്ങളിലേക്ക് ഉദ്യോഗാർഥികൾ തള്ളിക്കയറുകയും, അത്ര തന്നെപ്രാധാന്യമില്ലെങ്കിലും പൊതുവെയുള്ള സാമൂഹ്യനിലനിൽപ്പിനാവശ്യമായ മററു രംഗങ്ങളിൽ പ്രവർത്തിക്കുവാൻ ആളുകളില്ലാതെ വരികയുംചെയ്യാം. ആസൂത്രണപ്രക്രിയക്ക് എല്ലാവിധത്തിലുമുള്ള അസന്തുലിതാവസ്ഥയെയും പരിഹരിക്കുവാൻ ആകുകയില്ല എന്നു ചുരുക്കം. അതുകൊണ്ട് ഈ രണ്ടു സമീപനങ്ങളേയും വേണ്ടവിധത്തിൽ സംയോജിപ്പിച്ച് നടപ്പിലാക്കുകയാവും ഭംഗി.

## ഉന്നത വിദ്യാഭ്യാസപ്രക്രിയയുടെ 'വില' നിശ്ചയിക്കൽ

വിദ്യാഭ്യാസാനന്തര സേവനത്തിൽനിന്നുള്ള വരുമാനത്തെ മേൽപ്പറഞ്ഞതുപോലെ സാമൂഹികനിയന്ത്രണത്തിനു വിധേയമാക്കുന്നെങ്കിൽ, അതിനുവേണ്ട യോഗ്യത ലഭ്യമാക്കുന്ന ഉന്നത വിദ്യാഭ്യാസപ്രക്രിയയുടെ 'വില' നിശ്ചയിക്കേണ്ടതും, അതുമായി പൊരുത്തപ്പെടുന്ന വിധത്തിലായിരിക്കണം. വിലകൊണ്ടിവിടെ ഉദ്ദേശിക്കുന്നത് വിദ്യാഭ്യാസച്ചെലവുകളും അവയിൽ പ്രധാനപ്പെട്ട ഒരു ഘടകമായ ഫീസും ആണ്; ഇതിന്റെ നിരക്ക് നിശ്ചയിക്കുന്നതിന് രണ്ടുമാനങ്ങളുണ്ട്, അതിലൊന്ന്, ഈ നിരക്കിനെ ആടിസ്ഥാനപ്പെടുത്തിയായിരിക്കും ഉന്നതവിദ്യാഭ്യാസരംഗത്ത് കടന്നുകൂടുവാനുള്ള ആനുവാദം ലഭ്യമാകുക. കൂടിയ ഫീസ് നിലവിലിരുന്നാൽ അതിനനുസരിച്ചുള്ള വാങ്ങൽശേഷി (purchasing power) ഇല്ലാത്തവർക്ക് ഉന്നതവിദ്യാഭ്യാസരംഗത്ത് പ്രവേശിക്കുവാനാകുകയില്ല ഇത് സമൂഹത്തിന് ഗുണം ചെയ്യുന്ന, അല്ലെങ്കിൽ ഉപകാരപ്രദമായ, എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള (അതിനു കഴിവില്ലാത്തപ്പോഴും അതായിരിക്കണം ഉദ്ദേശം) സാമൂഹികാധിഷ്ഠിതമായ വിദ്യാഭ്യാസപ്രക്രിയയെന്ന സങ്കൽപത്തിനു വിരുദ്ധമായിരിക്കും.

ഫീസ് നിരക്ക് തുടങ്ങിയവ നിശ്ചയിക്കുന്നതിന് മറെറാരുമാനം കൂടിയുണ്ട്. ഇവയിൽനിന്നുമാണ്, വിദ്യഭ്യാസപ്രക്രിയയുടെ ഉള്ളിൽനിന്നും കൂടുതൽ വിഭവ സമാഹരണം പ്രതീക്ഷിക്കുന്നത്. ഇതിൽ ഫീസിനോടൊപ്പം, സംഭാവനകളും, ക്യാപ്പിറേറഷൻ ഫീസും എല്ലാം ഉൾപ്പെടും. ഇതിലൂന്നിയാണ് സ്വാശ്രയ (self financing)കോളേജുകളേയും, സ്വകാര്യ കോളേജുകളെയും സംബന്ധിച്ച ചർച്ചകൾ ഉരുത്തിരിയുന്നത്. ഈ രംഗത്ത് മുതൽമുടക്കുവാൻ തയ്യാറുള്ള സ്വകാര്യഏജൻസികളെ കണ്ടുപിടിക്കുവാൻ എളുപ്പമാണ്. എന്നാൽ ഒരു പഠനം ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ മഹാരാഷ്ട്രയിലെ 86 ശതമാനത്തോളം സ്വകാര്യ കോളേജുകളും രാഷ്ട്രീയക്കാരുടെ ഉടമയിലാണ്. ഇതിന്റെ അർഥം സ്വകാര്യകോളേജുകൾവഴിയുള്ള അധികരാഷ്ട്രീയനേട്ടം മനസ്സിലാക്കിയാണ് രാഷ്ട്രീയക്കാർ ഈ രംഗത്തു തള്ളിക്കയറിയത് എന്നാണ്. കേരളംപോലുള്ള സംസ്ഥാനത്ത് സാമുദായികതാൽപര്യങ്ങളും അതിലൂടെയുള്ള രാഷ്ട്രീയതാൽപര്യങ്ങളുമായിരിക്കാം സ്വകാര്യവിദ്യാഭ്യാസ മുതൽമുടക്കിനെ നിയന്ത്രിക്കുന്നത്. എന്തായാലും സ്വകാര്യനിക്ഷേപം കൊണ്ടും അതിനായി ഉയർന്ന ഫീസിനെ ആശ്രയിച്ചും, പൊതുനിക്ഷേപത്തിന്റെ ദൗർലഭ്യം പരിഹരിക്കുവാ

---

കാര്യങ്ങൾ അവഗണിക്കുകയും നമുക്ക് ഒരു പ്രയോജനവുമില്ലാത്ത കാര്യങ്ങൾക്ക് അമിത പ്രാധാന്യം കല്പിക്കുകയും ചെയ്യുന്ന ഒരു സംസ്കാരമാണ് നമ്മുടേത്. ഉദാഹരണത്തിന് വെള്ളവും സ്വർണവും തന്നെ.

നമ്മുടെ ജീവിതത്തെ ഏററവും അധികം നിയന്ത്രിക്കുന്ന വെള്ളത്തിന് നാം തുച്ഛമായ വിലയേ നൽകുന്നുള്ളൂ. എന്നാൽ നമുക്ക് ഒരു ഉപയോഗവുമില്ലാത്ത സ്വർണത്തിന് നാം ഏററവും കൂടുതൽ വില നൽകി മാന്യത കല്പിക്കുന്നു. ആ സ്വർണം തന്നെയാണ് നമ്മുടെ സമൂഹത്തിലെ അഴിമതിയുടെ ഏററവും തിളക്കമുള്ള പ്രതീകം എന്നതിൽ അത്ഭുതപ്പെടാനില്ല (മാതൃഭൂമി ഓണപ്പതിപ്പ് '93) □

നാകും എന്നു പ്രതീക്ഷിക്കുന്നത്, സാമൂഹികാധിഷ്ഠിതമായ വിദ്യാഭ്യാസപ്രക്രിയ എന്ന ലക്ഷ്യത്തിനുവിരുദ്ധമായേ ഭവിക്കൂ. എത്ര കണ്ടു സ്വകാര്യമാക്കിയാലും വിദ്യാഭ്യാസപ്രക്രിയക്ക് പൊതുമുതൽ മുടക്കുകൂടിയേതീരൂ എന്നു നേരത്തേ തന്നെ സമർഥിച്ചുകഴിഞ്ഞതാണല്ലോ.

1950നും 1980നും ഇടയ്ക്ക് ഉന്നതവിദ്യാഭ്യാസരംഗത്തെ സർക്കാർചെലവ് 49 ശതമാനത്തിൽനിന്നും 78 ശതമാനമായി വർധിച്ചുവത്രെ.[4] ഈ ചിലവിന്റെ സിംഹഭാഗത്തിനും പ്രസ്തുതരംഗത്തെ നേരിട്ടും അല്ലാതെയുമുള്ള സഹായധനത്തിന്റെ (subsidy) സ്വഭാവമാണുള്ളത്. ഉന്നത വിദ്യാഭ്യാസരംഗത്തെ ഇത്തരം വിപുലമായ സഹായധനം, ആ രംഗത്തേയും വിദ്യാഭ്യാസരംഗത്ത് അവശ്യം വേണ്ട തുല്യാവസരങ്ങളേയും, സഹായിക്കുകയില്ലെന്നുമാത്രമല്ല. പ്രതികൂലമായി ബാധിക്കുമെന്നും ആണ് പല പഠനങ്ങളും തെളിയിക്കുന്നത്.' എന്നു മാത്രമല്ല, ഈ സഹായധനം വിദ്യാഭ്യാസരംഗത്തുള്ള മററു ഘട്ടങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമായി എന്നും വന്നേക്കാം. ഈ പശ്ചാത്തലത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ ചെലവുകൾ വഹിക്കുവാൻ പുതിയ മാർഗങ്ങൾ തേടേണ്ടിവരുന്നു.

ആദ്യമായി ചെയ്യേണ്ടത്, ഏതടിസ്ഥാനത്തിലാണ് ഫീസ് നിരക്ക് നിശ്ചയിക്കേണ്ടത് എന്നാലോചിക്കുകയാണ്. സൂചനാപരമായി (notional) പറയുകയാണെങ്കിൽ, വിദ്യാഭ്യാസരംഗത്ത് ഉൾപ്പെടുന്ന ഘടകങ്ങ ((inputs) ളുടെ നിലവിലിരിക്കുന്ന വിലയുടെ (current price) ആകെത്തുകയും, പൊതുവേ അംഗീകരിക്കപ്പെട്ട മോഹവിലയും (premium) കൂടിയതായിരിക്കണം ഫീസ്. മോഹവില കാണാതെ പോകുന്നതും (invisible) കണക്കിലെടുക്കപ്പെടാതെ പോകുന്നതും ആയ ഘടകങ്ങളുടെ വിലയും, വിദ്യാഭ്യാസംകൊണ്ടു ലഭ്യമാകുന്ന പ്രത്യേക അവകാശങ്ങളുടെ (privileges) വിലയും ആയി കണക്കാക്കാം. നിഷ്കൃഷ്ടമായി കണക്കുക്കൂട്ടുവാൻ കൂട്ടുതൽ വിശദമായ വിവരങ്ങൾ വേണമെന്നുണ്ടെങ്കിലും, തത്കാലം ചർച്ചക്കായി ഇത്രയും മതിയെന്നുതോന്നുന്നു.

ഇങ്ങനെ ചുമത്തിയാൽ ഫീസ് ഇന്നുനിലവിലിരിക്കുന്നതിനേക്കാൾ പതിൻമടങ്ങ് അധികമായിരിക്കുമെന്നും ഇതിൽനിന്നുലഭ്യമാകുന്ന വരുമാനം വർദ്ധിക്കുമെന്നും കാണുവാൻ പ്രയാസമില്ല. കൂടാതെ, വിദ്യാഭ്യാസകാര്യങ്ങൾക്കായി വേണ്ടിവരുന്ന ചെലവുകൾ കടമായി മുൻകൂർ നൽകുകയും ആതു കപലിശസഹിതം പിൽക്കാല ശമ്പളത്തിൽനിന്നും തിരികെ പിടിക്കുകയും ആവാം. എന്നാൽ ഇതു നടക്കണമെങ്കിൽ, വായ്പ നൽകുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം വിശാലാടിസ്ഥാനത്തിലും കാര്യക്ഷമവും ആകണം. അതുപോലെ, ബിരുദാനന്തരബിരുദധാരികളുടെ സേവനം ഉപയോഗപ്പെടുത്തുന്ന സ്ഥാപനങ്ങളുടെമേൽ ഒരു 'ഗ്രാഡ്വേറ്റ്' നികുതി ചുമത്താം. യു.ജി.സി.യോ അതുപോലുള്ള മററു പ്രാദേശികസമിതികളോവഴി വ്യാവസായികസ്ഥാപനങ്ങളിൽനിന്നും മററും ശേഖരിക്കുന്ന വിഭവങ്ങൾ ഉന്നത വിദ്യാഭ്യാസരംഗത്ത് ആവശ്യാനുസരണം വിതരണംചെയ്യാം. കൂടാതെ, വിദ്യാഭ്യാസസംബന്ധമായ ചെലവുകൾ വഹിക്കുവാൻ, വിദ്യാർഥികളുടെ രക്ഷാകർത്താക്കളുടെയും സമീപസ്ഥമായ സമൂഹങ്ങളുടെയും (community) നേരിട്ടുള്ളപങ്കാളിത്തം ആവശ്യപ്പെടാം. എന്നാൽ, ഇത് സാധിതപ്രായമാകണമെങ്കിൽ പ്രദേശിക സംഘടനകളോടൊപ്പം, പ്രാദേശിക ഭരണസംവിധാനങ്ങളും (local governments) കാര്യമായ പങ്കുവഹിക്കേണ്ടതുണ്ട്.

ഇങ്ങനെ വിവിധമാർഗങ്ങളിലൂടെ വിഭവസമാഹരണം നടത്തിയാലും ഉന്നതവിദ്യാഭ്യാസരംഗത്തെ ചെലവുകളുടെ ചെറിയ ഒരു ഭാഗം മാത്രമേ ശേഖരിക്കാനാകൂ ഈ രംഗത്ത് പ്രധാനചെലവു വഹിക്കേണ്ടത് പൊതുഖജനാവുതന്നെയാണ് എന്നു പറയാം. മേൽപ്പറഞ്ഞ നടപടികളിൽ പ്രധാനപ്പെട്ട ഒന്ന് ഉയർന്ന ഫീസ് ചുമത്തുകയെന്നതാണല്ലോ. ഉയർന്ന ഫീസ് കൊടുക്കുവാൻ തക്ക സാമ്പത്തികശേഷിയുള്ളവരെ സംബന്ധിച്ചിടത്തോളം ഇതുകൊണ്ടു പ്രശ്നമില്ല എന്നാൽ സാമ്പത്തികമായും സാമൂഹികവുമായും പിന്നോക്കാവസ്ഥയിൽ കഴിയുന്നവരുടെയിടയിൽ കഴിവും അഭിരുചിയുമുള്ളവരുടെ കാര്യം എങ്ങനെ പരിഹരിക്കും എന്നി പരിശോധിക്കാം.

## സാമൂഹികപ്രശ്നങ്ങൾ

സാമ്പത്തികശാസ്ത്രചർച്ചകൾ സംവരണം തുടങ്ങിയ സാമൂഹികപ്രശ്നങ്ങളെ അവ

ഗണിക്കുകയാണ് പതിവ്. എന്നാൽ, വിദ്യാഭ്യാസം സമൂഹനിഷ്ഠമായിരിക്കണം എന്നു ശഠിക്കുന്ന അവസരത്തിൽ, സാമൂഹികപ്രശ്നങ്ങൾക്ക് സാമ്പത്തികഘടകങ്ങൾക്കൊപ്പമോ അതിൽ കൂടുതലോ പ്രാധാന്യം കല്പിക്കാതിരുന്നുകൂട. സമൂഹത്തിന്റെ ആദ്യാവകാശം (first preference) ഏതുരീതിയിൽ നടപ്പിലാക്കിയാലും അത് ഉന്നതവിദ്യാഭ്യാസം നേടിയവരെ മാത്രമേ ബാധിക്കുകയുള്ളു. ഉന്നതവിദ്യാഭ്യാസം നേടിയവർ, സാമൂഹികമായും സാമ്പത്തികമായും താരതമ്യേന മേഖലക്കിടയിലുള്ളവരുമായിരിക്കും. [6] കേരളത്തെപ്പോലുള്ള ഒരു പ്രദേശത്ത്, ചരിത്രപരവും ജാതിപരവുമായ കാരണങ്ങളാൽ മററുള്ളവരുമായുള്ള താരതമ്യത്തിൽ പിന്നോക്കംപോയവരുണ്ട്. ഇവരോടൊപ്പം സാമ്പത്തിക ക്രമത്തിന്റെ ആന്ദോളനങ്ങളിൽപ്പെട്ട് പുറംകോട്ടോടിക്കപ്പെട്ടവരുമുണ്ട്. ഇവരുടെയിടയിലുള്ള ബൗദ്ധികപ്രതിഭകളെയും, പഠിക്കുവാൻ അഭിരുചിയുള്ളവരെയും വളരുവാൻ സഹായിച്ചില്ലെങ്കിൽ അതിന്റെ നഷ്ടം സമൂഹത്തിന്റേതായിരിക്കും. ഇവരുടെ സാമ്പത്തികമായ കഴിവുകുറവു പരിഗണിക്കുമ്പോൾ ഈ വിഭാഗക്കാരുടെയിടയിൽ വ്യാപകമായ തോതിൽ സ്കോളർഷിപ്പുകൾ ഏർപ്പെടുത്തേണ്ടിവരുന്നു. ഒരുവശത്ത് വ്യത്യസ്ത രീതിയിലുള്ള (discriminatory) ഉയർന്ന ഫീസുനിരക്കും മറുവശത്ത് വ്യാപകമായ സ്കോളർഷിപ്പുകളും എന്ന സംവിധാനത്തെക്കുറിച്ച് ചർച്ച തുടങ്ങിവയ്ക്കുകയെങ്കിലും ചെയ്യേണ്ടിയിരിക്കുന്നു.

സാമ്പത്തികമായ പിന്നോക്കാവസ്ഥ പ്രശ്നത്തിന്റെ ഒരുവശം മാത്രമേ ആകുന്നുള്ളു. സാമൂഹികമായ പിന്നോക്കാവസ്ഥയും കണക്കിലെടുക്കണം. ഉന്നതവിദ്യാഭ്യാസരംഗത്തു സാധാരണയായി പ്രവർത്തിക്കുന്നവരുടെ സാമൂഹികാചാരക്രമങ്ങളോട് വേണ്ടത്ര പരിചയം ഇല്ലാതെപോയതുകൊണ്ട്, മനപൂർവമല്ലാതെ സൃഷ്ടിക്കപ്പെടുന്ന അപകർഷതാബോധം ഒരുവശത്ത്, മറുവശത്ത്, ഉന്നതവിദ്യാഭ്യാസരംഗത്ത് പ്രവേശനം ലഭിക്കുവാനുള്ള അടിസ്ഥാനയോഗ്യതാ പരീക്ഷകൾ ജയിക്കുവാൻ വേണ്ട 'കോപ്പ്' മുൻപറഞ്ഞ പിന്നോക്കാവസ്ഥമൂലം ഇല്ലാതെവരുന്ന അവസ്ഥ. ഇതിലാദ്യം പറഞ്ഞത് മറികടക്കുവാൻ പിന്നോക്കാവസ്ഥ തുടരുന്നകാലത്തോളം സംവരണം (reservation) തുടരുകയും അതിലുപരിയായി സാമ്പത്തികവും സാമൂഹികവുമായ പ്രചോദനങ്ങൾ (incentives) സംഘടിപ്പിക്കുകയും വേണം.

രണ്ടാമതു പറഞ്ഞതിന് ഉപോൽബലകമായി പലവിധ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുവാനാകും. പി. ശിവാനന്ദന്റെ പഠനം[7] വ്യക്തമാക്കുന്നതുപോലെ പ്രീഡിഗ്രിതലത്തിൽ വച്ചാണ് പട്ടികജാതിക്കാരായ വിദ്യാർഥികളുടെ തോൽവി ഭീമമായ തോതിൽ സംഭവിക്കുന്നത്. സമ്പൂർണസാക്ഷരതായജ്ഞത്തിന്റെ ഭാഗമായി നടത്തിയ സർവേ കാണിക്കുന്നത്, തീരദേശനിവാസികൾ, മുസ്ലീം സ്ത്രീകൾ, പട്ടികവർഗക്കാർ, കുടുംബികൾ, ഭാഷാന്യൂനപക്ഷങ്ങൾ എന്നിവർ സാക്ഷരതയുടെ കാര്യത്തിൽതന്നെ വളരെ പിന്നോക്കമാണെന്നാണ്. [8]സാക്ഷരതയുടെ കാര്യത്തിലും, പ്രാഥമിക വിദ്യാഭ്യാസം നേടിയെങ്കിലും പ്രീഡിഗ്രിതലത്തിലും, പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ രംഗത്ത് മററുള്ളവരോടൊപ്പം എങ്ങനെ മൽസരിക്കുവാൻ സാധിക്കും? അതുകൊണ്ട് ഇവർക്കായി പ്രത്യേകം അധിക പഠന/പരിശീലനക്കളരികൾ (discriminatory or special study / training sessions) ഏർപ്പാടാക്കണം. ഇവ ഇന്ന് ചിലയിടത്തെങ്കിലും നടക്കുന്നതുപോലെ 'ആർക്കാനുംവേണ്ടി ഓക്കാനിക്കുന്ന' തരത്തിലായിരിക്കരുത്, നേരെമറിച്ച് നമ്മുടെ ചില പ്രമുഖ സ്കൂളുകൾ റാങ്കുകിട്ടുമെന്നു പ്രതീക്ഷിക്കുന്ന കുട്ടികളെ പ്രത്യേകമായി പരിശീലിപ്പിക്കുന്ന വിധത്തിലായിരിക്കണം. എന്തായാലും, ഉന്നതവിദ്യാഭ്യാസപ്രക്രിയയുടെ ലക്ഷ്യം കഴിയുന്നത്ര വിശാലമായ ജനവിഭാഗങ്ങളിൽനിന്നും കഴിവിന്റെയും അഭിരുചിയുടേയും അടിസ്ഥാനത്തിൽതെരഞ്ഞെടുക്കുന്നവരെ വൈദഗ്ധ്യവും അറിവുമുള്ളവരാക്കി തീർക്കുക എന്നതായിരിക്കണം.

## പുതിയ മുതൽമുടക്കിന്റെ പ്രശ്നം

ഉന്നതവിദ്യാഭ്യാസമെന്നാൽ, ഉന്നതസാങ്കേതിക പരിശീലനവും ബിരുദാനന്തരപഠനവും ഉന്നതഗവേഷണവും മാത്രമാണ് എന്നു നിർവചിച്ചാൽതന്നെ ആ രംഗത്ത് ഇന്നുകാണുന്ന തള്ളിക്കയററം ഒരു പരിധിവരെ നിയന്ത്രിക്കുവാനാകും. എന്നാൽ, ഇങ്ങനെ, ഈ രംഗത്തുനിന്നും മാററപ്പെടുന്ന വിദ്യാർഥികൾ വിദ്യാഭ്യാ

സപ്രക്രിയയുടെ മററു ഘട്ടങ്ങളിലേയ്ക്കും തൊഴിൽരംഗത്തിൻെറയും തൊഴിലില്ലായ്മ രംഗത്തിൻെറയും വിവിധതലങ്ങളിലേക്കുമാണ് പുന:പ്രതിഷ്ഠിക്കപ്പെടുക. ഇതുകൊണ്ട് ഉന്നതബിരുദധാരികളുടെ തൊഴിലില്ലായ്മക്ക് അൽപ്പം ശമനമായേക്കാമെങ്കിലും അഭ്യസ്തവിദ്യരുടെ പൊതുവായ 'തൊഴിലില്ലായ്മ'യ്ക്ക് പരിഹാരമാകുന്നില്ല. അതിന് വിദ്യാഭ്യാസപ്രക്രിയയുടെ വിവിധ ഘട്ടങ്ങളെ ഒന്നായെടുത്ത്, വിവിധതലങ്ങളിൽ കൊടുക്കേണ്ട പരിശീലന / അധ്യയന / ഗവേഷണ രീതികളെയും സൗകര്യങ്ങളെയുംകുറിച്ച് ചിന്തിച്ചെങ്കിലേ പററൂ.

പക്ഷേ, കേരളത്തിലെ പ്രത്യേകപശ്ചാത്തലത്തിൽ ഒരുകാര്യം ചെയ്യാനാവും. കേരളത്തിൽ 90 ശതമാനത്തിലധികം സാക്ഷരത കൈവന്നിട്ടുണ്ടല്ലോ. ഇത്ര വിപുലമായ ഒരു സംഭരണിയുടെ അടിസ്ഥാനത്തിൽ തൈവാനെപ്പോലെയുള്ള രാജ്യങ്ങൾ ചെയ്തതുപോലെ,[9] വിദ്യാഭ്യാസ രംഗത്തെ ആസൂത്രിതമായ നിക്ഷേപത്തിലൂടെ, ഉയർന്ന സാങ്കേതികജ്ഞാനത്തിലധിഷ്ഠിതമായ വാർത്താവിനിമയ, കമ്പ്യൂട്ടർ പ്രോഗ്രാമിംഗ്, ബയോടെക്നോളജി തുടങ്ങിയ രംഗങ്ങളിൽ വ്യാപകമായ തൊഴിലധിഷ്ഠിത (vocational) പരിശീലനം നൽകുവാനാകും. മററു രാജ്യങ്ങളുടെ അനുഭവത്തിൽ നിന്നു മനസ്സിലാക്കാനുന്നത്, ഇത്തരം പ്രായോഗിക പരിശീലനത്തിന് അവശ്യം വേണ്ടത് കുറച്ചു മേന്മ കൂടിയ അടിസ്ഥാന വിദ്യാഭ്യാസം മാത്രമാണെന്നാണ്. "ഇങ്ങനെയുള്ള മാനുഷിക വിഭവശേഷിയുടെ വികസനം സാധിതപ്രായമാകുകയാണെങ്കിൽ, അതിൻെറ അടിസ്ഥാനത്തിൽ ഉയർന്ന സാങ്കേതികജ്ഞാനത്തിലൂന്നിയ ദേശീയവരുമാനം വർധിപ്പിക്കുവാനുതകുന്ന തരത്തിലുള്ള, വ്യാവസായികവൽക്കരണത്തിനും സാധ്യതയുണ്ട്."[11]

ഇത്തരം പരിശീലനപരിപാടികൾ ഉന്നതവിദ്യാഭ്യാസരംഗത്ത് നടപ്പിലാക്കണമെന്നല്ല ഈ നിർദേശത്തിൻെറ ഉദ്ദേശ്യം. നേരെമറിച്ച്, ഈ രംഗത്ത് ഇപ്പോൾതന്നെ നിലവിലിരിക്കുന്ന സാധ്യതകളെ കണക്കിലെടുക്കുന്നതും അവയെ കൂടുതൽ വ്യാപകമായ തലങ്ങളിലേക്ക് ബന്ധിപ്പിക്കുന്നതും ഇക്കാര്യത്തിൽ അടിക്കടിവരുന്ന മാററങ്ങളെ സൂക്ഷ്മമായി നിരീക്ഷിച്ച് അവയ്ക്കനുസൃതമായി സാങ്കേതികജ്ഞാനത്തിൽ വരുത്തേണ്ട മെച്ചപ്പെടുത്തലുകളെ സംബന്ധിക്കുന്നതുമായ ഗവേഷണപഠനങ്ങൾ ഉന്നതവിദ്യാഭ്യാസരംഗത്ത് ഉണ്ടാകണം. അതോടൊപ്പം സെക്കണ്ടറിതലത്തിലോ പ്രാഥമികതലത്തിലോ പരിശീലനം നല്കേണ്ടവരെ പരിശീലിപ്പിക്കുവാനുള്ള ഉത്തരവാദിത്വവും ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾക്കുണ്ട്. ഇതുപോലെയുള്ള സംഗതികളിൽഊന്നിക്കൊണ്ട് നമ്മുടെ ഉന്നതവിദ്യാഭ്യാസ രംഗത്തെ പുനരാസൂത്രണം ചെയ്താൽ മാത്രമേനമ്മുടെ സമ്പൂർണസാക്ഷരത യഥാർഥത്തിൽ അർഥവത്താകൂ.

കേരളത്തിൻെറ വിദ്യാഭ്യാസ ചരിത്രം പരിശോധിച്ചാൽ മനസ്സിലാകുന്ന ഒരു കാര്യമുണ്ട്. വിദ്യാഭ്യാസവികസനത്തെ പുതിയ മേഖലകളിലേക്കു തിരിച്ചുവിടത്തക്കതരത്തിലുള്ള നിക്ഷേപങ്ങൾ ആദ്യമായി നടത്തിയത് സർക്കാർതന്നെയാണ്[12] പാശ്ചാത്യമാതൃകയിലുള്ള ആധുനിക വിദ്യാഭ്യാസം ഇവിടെ നടാടെ നടപ്പിലാക്കിയത് ക്രിസ്ത്യൻ മിഷനറിമാരാണ് എന്തെങ്കിലും വ്യാപകമായ പ്രാഥമികവിദ്യാലയശൃംഖല ആദ്യമായി സ്ഥാപിച്ചതും 'പിന്നോക്ക ജാതി വിദ്യാഭ്യാസവും സ്ത്രീവിദ്യാഭ്യാസവും വ്യാപകമാക്കിയതും സാങ്കേതിക വിദ്യാഭ്യാസത്തിനു തുടക്കംകുറിച്ചതും സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ മലബാറിനെ വിദ്യാഭ്യാസപരമായി മററു പ്രദേശങ്ങളുടെ ഒപ്പം എത്തിക്കാൻ ശ്രമിച്ചതും, എൻജിനിയറിംഗ്, മെഡിക്കൽ വിദ്യാഭ്യാസം തുടങ്ങിയതും സർക്കാർ മുൻകൈയെടുത്താണ്. സർക്കാർ തുടങ്ങിവച്ച ഇതിൽ ചില മേഖലകളിലെങ്കിലും സ്വകാര്യ ഏജൻസികൾ പിൽക്കാലത്ത് കടന്നുവന്ന് ഉജ്വലമായ പ്രവർത്തനം കാഴ്ചവച്ചിട്ടുണ്ട്. ഈ രീതിയിലുള്ള നിക്ഷേപമാതൃകയ്ക്ക് മററു രാജ്യങ്ങളിൽ ഉദാഹരണങ്ങളുണ്ട്. പുതിയ ഒരു മേഖലയിൽ പുതുതായി മുതൽമുടക്കുമ്പോൾ വന്നുഭവിക്കാവുന്ന അപകടങ്ങളെക്കുറിച്ചുള്ള ഭീതിയാണ് സ്വകാര്യമൂലധനനിക്ഷേപത്തെ അതിലാദ്യം ഇടപെടാതെ പിടിച്ചുനിർത്തുന്നത്.

അങ്ങനെ ചിന്തിക്കുമ്പോൾ ഉന്നതവിദ്യാഭ്യാസരംഗത്ത് പുനർക്രമീകരണം നടത്തണമെങ്കിൽ സർക്കാർതന്നെ മുൻകൈയെടുക്കണമെന്നുവരുന്നു. സ്വാശ്രയ കോളേജുകളും സ്വകാ

(ശേഷം പേജ് 29)

# T F S ഡെപ്യൂട്ടേഷൻ—പുതുക്കിയ വ്യവസ്ഥകൾ

GOVERNMENT OF KERALA

**Abstract**

HIGHER EDUCATION—TEACHER FELLOWSHIP SCHEME OF U G C DURING VIII PLAN—PROCEDURE FOR SANCTIONING DEPUTATION—REVISED ORDER ISSUED

HIGHER EDUCATION (K) DEPARTMENT

GO (P) 35/93/H Edn

Dated, Thiruvananthapuram, 15th March, 1993

Read—1 G O (P) 166/87/ H Edn dated 3-6-1987
2 G O (P) 179/92/ H Edn dated 27-11-1992
3 D O No Plg 1 (UGC-3)/11331/89/ Coll Edn dated 13-12-1992

ORDER

In Government Order read as 2nd paper above Government have issued revised conditions with regard to the proposals for sanctioning deputation to teacher fellows scheme of U G C during the 8th Plan periodi insisting eight documents. In the case of Serial No 1 1 and 3 viz., attested copy of the letter from U G C sanctioning financial assistance to the College for specific purpose and attested copy of the letter from U G C approving the selection of the teacher fellow, the Director of Collegiate Education in this letter read as 3rd paper above has requested to delete the two items of documents to be presented by the Director of Collegiate Education with the proposals for deputation since the teacher fellow scheme has been delinked and only the quota of fellowships has been specified in the fund allocation letter and the approval of selection is being issued by the concerned Universities as per the revised norms of VIII Plan.

Government have examined the proposal in details and order that hereinafter all proposals for sanction of Government to depute a college teacher under F I P of the U G C should be routed through the Director of Collegiate Education supported by the following documents:-

1 Request from the teacher fellows for deputation.
2 Attested copy of the letter from the University approving selection of the teacher for the course of studies research under Teacher Fellowship Scheme
3 Joining report from the University/Institute/ Autonomous Colleges.
4 Biodata in the form Appendix VIII of the Government Order read as 1st paper above.
5 Undertaking in the form Appendix X by Manager in the case of Private Colleges/Principal in the case of Government Colleges in case a substitute is appointed or a declaration to the effect that no substitute has been appointed

since there is surplus staff due to the implementation of U G C norms with regard to the workload of teachers

6 Undertaking in the form Appendix XI by Manager and Principal in the case of Private College/Principal in the case of Government Colleges.

By order of the Governor,
LILLYKUTTY ANTONY,
Deputy Secretary

To

The Director o Collegiate Education, Thiruvananthapuram.
The Deputy Director of Collegiate Education, Quilon, Kottayam, Thripunithura Thrissur, Calicut.
The Principal of All Arts and Science, Sanskrit and Training Colleges.
The Accountant General(A&E)(Audit)Thiruvananthapuram Finance Department

# ലക്ചറർനിയമനം-മാർക്കുവ്യവസ്ഥയിൽഇളവ്

GOVERNMENT OF KERALA

Higher Education Implementation of UGC Scheme-relaxation in qualification of Lecturers appointed to 19-9-91 exempted- modified-orders issued.

HIGHER EDUCATION (B) DEPARTMENT

G O (Rt) No 1283/93/ H Edn Thiruvananthapuram, Dated 17/8/93

Read;- 1 G O (Rt) No 1020/92/H Edn dt 2-7-92
2 Govt lr No 9322/B2/92/H Edn dt 28-8-92
3 Lr No F1-11/87(ps dt 1-6-93 from the Under Secretary, U G C,New Delhi

ORDER

It has been clarified, among other things, in the G O read as first paper above that the teachers who have been appointed after 15-3-90 should have obtained 55% marks in P G Course of the concerned subject.

2 In the letter read as 2nd paper above, the U G C has now pointed out that selection/appointment are made through duly constituted commiftees to the post of lecturers prior to 19 9-91/they are exempted from 55% marks in P G level. In the circumstances Government are pleased to further clarify that the teachers selected/appointed through duly constituted bodies/Committees to the post of lecturers prior to 19-9-91 are exempted from 55% marks in P G level.

3 The G O read as first paper above will stand modified to this extent.

By order of the Governor
G. KUCHELA DAS
Joint Secretary to Government

To

The Directer of Collegiate Education, Thiruvananthapuram
The Accountant Generol (Audit) /(A&E) ,Thiruvanonthapuram

# 60 ഓപ്ററുചെയ്ത അധ്യാപകർ- പെൻഷൻ ആനുകൂല്യം

GOVERNMENT OF KERALA

**Abstract**

Higher Education-Private Colleges-Teachers opted Chapter III (60) of the pension statutes-Recommendations of the 5th Kerala Pay Commission-Implementation of-orders issued

---

HIGHER EDUCATION (D) DEPARTMENT

G O (MS) No 10:/93/H Edn Thiruvananthapuram dtd 10-8-93

---

Read:- 1 G O (MS) No 149/87H Edu dtd 18-5-87

2 Judgement dtd 22-9-88 in op No 620?/84 M in the High Court of Kerala

3 G O (P) 670/89/Fin dtd 26 12 89

ORDER

On the basis of the recommendations of the Vth Kerala Pay Commission and in view of the Judgement dated 22-9-88 of the High Court in op No 6205/84-M Government are pleased to issue the following orders:-

1 The pension of the 60 opted (Chapter III) Private College Teachers shall be calculated at the rate of $\frac{n}{90}$ of the average emoluments for 10months immediately preceeding the date of retirement at the age of 60 years subject to a maximum of $\frac{36}{90}$ of the average emoluments (ie 40% of the average emoluments) The service beyond the age of 55 years will also be taken into account for computing the total qualifying service subject to the said maximum limit.

ii The above benefits will be given with effect from 1-4-1990

iii The Government order first read above will stand modified to that extent.

2 The Director of Collegiate Education will circulate this order to all private college managements.

(BY ORDER OF THE GOVERNOR)

T. N. JAYACHANDRAN

COMMISSIONER & SECRETARY.

---

## സംഘടനയ്ക്കു വിജയം

മാർഇവാനിയോസ് കോളേജ് കൗൺസിലിലേയ്ക്കു നടന്ന തെരഞ്ഞെടുപ്പിൽ എ. കെ. പി. സി. ടി.എ. സ്ഥാനാർത്ഥി ശ്രീ. മധുകർ മല്ലയ്യ വിജയിച്ചു.

---

# ശമ്പളം നല്കാൻ നിർദ്ദേശം

No. UGC Cell-I (i) 30205/93/Coll. Edn.

Office of the Director of Collegiate Education, Vikas Bhavan Tvpm.
Dated; 31st July, 1993

CIRCULAR

Sub; Implementation of UGC Scheme—filling up of vacancies in private college by transfer—admitting salary of teachers thus transferred—clarification issuing of.

Ref: G. O. (MS) No. 42/93/H Edn. dt. 6-4-93:

It has come to the notice of the undersigned that some of the Deputy Directors of Collegiate Education are not admitting the salary of those teachers under Corporate Managements who have been transferred to different colleges under the same Management.

Hence, the Deputy Directors of Collegiate Education are directed to admit the salary claims of those teachers who were drawing their salary regularly prior to being transferred to other colleges under the same management if the wor-kload of the college to which they are transferred is sufficient to accomodate the transferees as per the existing norms.

Director of Collegiate Education

To

1. The Deputy Directors of Collegiate Education
2. Estt. 'D' Section
3. Accounts Officer — UGC Cell
4. C. A. to D.C.E./Addl. D.C.E.

---

# സോണിചാക്കോ നിര്യാതനായി

കാഞ്ഞിരപ്പള്ളി സെൻറ് ഡൊമിനിക് കോളേജ് കെമിസ്ട്രി വിഭാഗം അദ്ധ്യാപകൻ ശ്രീ. സോണി ചാക്കോ (35) നിര്യാതനായി. എ കെ പി സി ടി എ ബ്രാഞ്ചു സെക്രട്ടറിയായിരുന്ന സോണി ചാക്കോയുടെ നിര്യാണത്തിൽ പ്രവർത്തക സമിതി അനുശോചനം രേഖപ്പെടുത്തി.

---

# എ കെ പി സി ടി എ നിവേദനങ്ങൾ

To

The Director of Collegiate Education,
Vikas Bhavan,
Thiruvananthapuram.

Sir,

Sub: Withholding of the salary of transferred teachers-request for disbursing their salary—regarding

We wish to bring to your kind attention and immediate orders a grave issue concerning some very experienced teachers under the jurisdiction of the Deputy Director of Collegiate Education. Kollam. Two months back, the SN and NSS managements transferred some very experienced teachers. Shifted their lien to retirement vacancies. But on some pretext or other the Dy. DCE, Kollam has been withholding the salary of the teachers for no fault of theirs. These teachers had the approval of the university and were regularly getting their salary till they were transferred to their new stations.

Recently the SN Management with the good intention of enabling the teachers to get their salary. informed the Dy. D C E. Kollam that the teachers were not newly recruited ones and that they were transferred only to colleges where there was accute dearth of hands and the management also assured the Dy. DCE, Kollam that they would make fresh appointments only with the prior sanction of the Goverament. Even after this, the Dy, DCE, Kollam refuses to pass their salary bills.

We are sorry to inform you that the Dy. DCE. Kollam takes a totally negative attitude towards the burning problems of the teachers.

We, therefore, request you to view this matter most sympathetically and issue necessary instruction to the Dy. DCE, Kollam to release the salary of the teachers thus transferred.

We may also inform in this connection that we will be constrained to resort to a course of direct action if the issue is not settled within a reasonable time.

Thanking you,

Yours faithfully,

Thiruvananthapuram.
3-8-1993

K. Sadasivan Nair
General Secretary.

# എ കെ പി സി ടി എ നിവേദനങ്ങൾ

To

The Commissioner and Secretary,
Higher Education
Government of Kerala,
Thiruvananthapuram.

Sir,

Ref: No. Estt. Spl. 33344/93/COLL/EDN. dated 5-5-1993 regarding.

We submit the following for your favourable consideration and immediate orders.

As per the circular cited above the Director of Collegiate Education has directed the principals of all Colleges to submit a monthly report regarding the teaching work in colleges. In this connection we may be permitted to pointout that the directions issued by the Director of Collegiate Education are against the laws of the Universities in the state. According to the University laws, the universities alone have the authority to issue directions in respect of academic matters. So the circular issued by the Director of Collegiate Education, as you are aware, is beyond his powers and against the laws of universities.

Hence we request you to issue directions to the Director of Collegiate Education to drop further proceedings in accordance with the circular issued by him.

Thanking you,

Thiruvananthapuram,
2-8-1993.

Prof. K. Sadasivan Nair,
Genaral Secretary.

## മഞ്ചേരി കോളേജിൽ അക്രമം

മഞ്ചേരി എൻ. എസ്. എസ്. കോളേജിൽ ആഗസ്ററ് 16ന് വെളിയിൽനിന്നുള്ള ഗുണ്ടകൾ കയറി വിദ്യാർത്ഥികളെ മർദ്ദിക്കുകയും അധ്യാപകരെ ഭീക്ഷണിപ്പെടുത്തുകയും ചെയ്തു. പോലീസിന്റെ സാന്നിധ്യത്തിലാണ് ഇങ്ങനെ സംഭവിച്ചത്. അധ്യാപകരിൽ ചിലരെ കള്ളക്കേസിൽ കുടുക്കുക്കാനുള്ള ശ്രമവും നടക്കുന്നു.

ആഗസ്ററ് 21 ന് എറണാംകുളത്തുചേർന്ന പ്രവർത്തകസമിതി ഈ ആക്രമണത്തിൽ ശക്തിയായ പ്രതിഷേധം രേഖപ്പെടുത്തി. മുഖ്യമന്ത്രിക്കും വിദ്യാഭ്യാസമന്ത്രിക്കും എല്ലാ ബ്രാഞ്ചുകളിൽ നിന്നും പ്രതിഷേധ പ്രമേയമയയ്ക്കാനും തീരുമാനിച്ചു.

# എ കെ പി സി ടി എ നിവേദനങ്ങൾ

To

The Hon· Minister for
Higher Education,
Government of Kerala

Sir

Ref. Minutes of the meeting covened by Commissioner and Secretary, Higher Education on 22-3-1993.
Sub· Outstanding problems of Private College Teachers-regarding.

This is to bring once again to your serious and sincere attention to some of the burning problems relating to service and salary of private college Teachers.

1 Provident Fund

(i) P. F. Credit Card

This is a decade-old demdand. Positive assurances have been given at all the numerous conferences so far held. But, shame to say, no action has been taken on it yet.

(ii) Delay in passing P F loans (Refundable and Non-refundable). The conference held on 22-3-'93, recommended that "Powers may be delegated to Dy. Directors of Collegiate Education to sanction the temporary advances from the Provident Fund irrespective of the amount applied for" and that non-defective applications for temporary advances from PF submitted to the Dy. Director of Collegiate Education will be disposed of within 2 weeks of their receipt.

In the case of non-defective applications for non-refundable advances, it was agreed, that the Dy. Directors of collegiate Education would forward the same to Director of Collegiate Education, in 2 weeks on their receipt and the Director of Collegiate Education will sanction the same within a month.

This promise has also been more honoured in the breach than in observance.

II. Work Load

At the meeting held on 22-3-1993. it was agreed upon that the work load of College teachers may be fixed at 15 hrs a week. But no definite steps have been taken to suitably amend the existing University ordinances implementing the recommendations.

In this connection, we may be permitted to point out that in the existing University ordinances there is provision for additional post for *any balance of hours* left once all the teachers are given the maximum workload. We, therefore, request you to initiate effective steps for retaining the provision as such in the ordinances.

III. Physical Education Teachers

It was also agreed upon at the conference that one physical Education Teacher besanctioned in UGC scheme in Colleges where the student strength is upto 1000 and the second post will be sanctiond in accordance with the provision in the univervity ordinances. This six month old recommendation is still lying in the dust bin

# പ്രൊഫ. മുഹമ്മദ് ബഷീർ നിര്യാതനായി

കായംകുളം : എം എസ് എം കോളേജ് പ്രിൻസിപ്പൽ പ്രൊഫ. മുഹമ്മദ് ബഷീർ അന്തരിച്ചു. എ കെ പി സി ടി എ യുടെ മുൻ ആലപ്പുഴ ജില്ലാ പ്രസിഡണ്ടായിരുന്ന പ്രൊഫ. മുഹമ്മദ് ബഷീറിന്റെ നിര്യാണത്തിൽ പ്രവർത്തക സമിതി അനുശോചനം രേഖപ്പെടുത്തി.

---

Same is the plight of the assurance given at the conference regarding the much awaited order for the impleme- ntation ofUGC Scales for those physical education Teachers who do not come under the UGC Scheme and who have completed 8 years of service.

We have mentioned only a few of the urning issues agitating the minds of private college teachers in the state. Even a cursory glance at the minutes of the meeting on 22-3-'93 and the notes and letters submitted by our Association would reveal the magnitude of the problems the teachers of Private Colleges n the state are facing today.

We have been running from piller to post for the last several years seeking redressal of these genuine grievances of the teachers. Now we strongly feel that the various offices in the Department of Higher Education-from the Commissioner and Secretary to the Dy. Director of Collegiate Education-seem to find pleasure in putting off things, inspite of their repeated assurances. We need not tell you that justice delayed is justice denied.

We are sorry to state that we too have limits to our patience. Unless prompt and meaningful action is not taken to solve these long-standing problems within one month, we would be constrained to resort to direct action.

Yours faithfully,

K- Sadasivan Nair
Gene[illegible]l-Secretary

Thiruvananthapuram,
3-9-1993

ത്യസ്ഥാപനങ്ങളും യഥാർത്ഥപ്രശ്നപരിഹാരത്തിന് ഉതകുകയില്ല. എന്നാൽ ഇതുകൊണ്ട്, പൊതുനിക്ഷേപത്തിന്റെ വ്യാപകമായ അർത്ഥത്തിലുള്ള ആവശ്യത്തിലേക്കു മാത്രമാണ് വിരൽ ചൂണ്ടുന്നത്. അത് വിവിധതലങ്ങളിൽ, വ്യക്തമായ ആസൂത്രണത്തിലൂടെ യുക്തിസഹം (rational) ആക്കേണ്ടിയിരിക്കുന്നു. എന്തായാലും ദുർബലമാകുന്ന സാമ്പത്തികവിഭവങ്ങളുടെ വെളിച്ചത്തിൽ, പുതിയ മാർഗങ്ങൾ തേടാവുന്നതാണെങ്കിലും ഈ രംഗത്ത് സർക്കാർ മൂലധനനിക്ഷേപത്തിന്റെ നടുനായകത്വം അംഗീകരിച്ചേതീരു. ഈ മണ്ഡലത്തിൽ തളർച്ചയുണ്ടായാൽ, നമുക്കു നഷ്ടപ്പെടാവുന്നത്, പ്രാഥമിക വിദ്യാഭ്യാസത്തിലും പൊതുവിദ്യാഭ്യാസത്തിലും നാം കൈവരിച്ച നേട്ടങ്ങളെ കൂടുതൽ ഉയർന്ന തലങ്ങളുമായി ബന്ധിപ്പിക്കുന്നതുവഴി ഇനിയും നേടിയെടുക്കാവുന്ന വികസനത്തിന്റെ സാമ്പത്തികമാനങ്ങളായിരിക്കും.

## NOTES


1. പി. കെ. മൈക്കിൾ തരകൻ, കെ. നവനീതം "സ്കൂളുകൾ പൂട്ടുന്നോ? 'ശാസ്ത്രഗതി പുസ്തകം 26 ലക്കം 4, 1993 ജൂലൈ പേ 26-31 കാണുക.

2. World Bank. World Development Report 1991 The chellenge of Development OUP Oxford etc. 1992 p. 11

3. VN Kothari Private unaided engineering and medical colleges concequences of misguided policy; Economic and Political Weekly, Vol 21 No. 14 1986, pp 593-596.

4. Jandhyala BG Tilak and NV. Varghese Financing Higher Education in India. Higher Education. Vol 21 1991 pp 83-101

5. G. Psacharopoulos. The perverse effects of public subsidiastion of education or how equitable is free education? Comparative Education Review. Vol 22 No 1. 1977. Pp 69-90.

6 Jandhyala B G Tilak and N.V Vargheese Discrimintions Pricing in Education; Ocassional Paper No 8. National institute of Educational Planning and Administration New Delhi, 1985

7. P. Sivandan Cast and Economic Opportunity, A study of the Effects of Educational Development and Land Reforms on the Employment and income Earning Oppertunities of the scheduled Castes and Scheduled Tribes in Kerala. Thesis submitted for Phd in Economics, Uuiversity of Kerala 1989.

8. ഈ സർവേയുടെ വിവരങ്ങൾ ഇപ്പോഴും അച്ചടിച്ചുവന്നിട്ടില്ല. ഒരു ഡിസ്ട്രിക്ടിന്റെ വിവരത്തിനായി

P. K. Michael Tharakan, The Ernakulam district Total Littercy Programme Report of the evalution, Centre for Development Studies. Trivandrum 1990 കാണുക.

9. Jennie Hay Wood Education and Economic growth in Thaiwan A Case of Succesful Planning World Development. Vol 19, No. 8. 1991 Pp1029-1044,

10. Labour and Society, Vol 14, 1989, Special issue on high tech and labour. ലെ വിവിധ ലേഖനങ്ങൾനോക്കുക.

11. ഈ സൂചന നൽകുന്ന ഒരു പഠനം ആണ്' K K George, Limits to Kerala Model of Development an analysis of fiscal crisis and its

implication Centre for Development Studies, Trivandrum, 1993.

12. PK. Miohae Tharakan, Socio Ecouomic Factors in Educatioal Development Case of Ninteen Century Travancore Economic and Political Weekly, Vol No. 45 46 p 1993 1928- 1959. 1999 November 10,17,1984, Robin Jettrey. Governments and Culture How Women Made Kerala literate Pacffic Aftairs. Vol No.3 1987 Pp. 447-472 A Mathew A History of Educational Development in Kerala. NIEPA New Delhi, 1687.



**എൻ. ആർ. ഗ്രാമപ്രകാശ്**
സെക്രട്ടറി
എ കെ പി സി ടി എ
പാലക്കാട് ജില്ല

---

# പ്രവർത്തകക്യാമ്പ് ഒക്ടോബർ 16, 17 പീച്ചിയിൽ

എ കെ പി സി ടി എ പ്രവർത്തകർക്ക് വേണ്ടിയുള്ള ക്യാമ്പ് 1993 ഒക്ടോബർ 16,17 തീയതികളിൽ നടത്തുന്നതാണ്. പിച്ചിയിലാണ് ക്യാമ്പ്. എല്ലാ ബ്രാഞ്ചുകളിൽ നിന്നും പ്രവർത്തകർ പങ്കെടുക്കണം.

---

# വരിസംഖ്യ അയയ്ക്കുമ്പോൾ

ജേർണൽ വരിസംഖ്യ അയയ്ക്കേണ്ടത് മാനേജിംഗ് എഡിററർ, കേരളാ പ്രൈവററ് കോളേജ് ടീച്ചർ എന്ന പേരിൽ ഡ്രാഫ്ററെടുത്തുവേണം. വരിസംഖ്യ കുടിശ്ശിക വരുത്തരുത്. □

# സ്വയംഭരണാവകാശത്തെ ഏകീകൃത നിയമം തകർക്കും

അക്കാദമിക്ക് സ്വാതന്ത്ര്യത്തിലധിഷ്ഠിതമായ സ്വയംഭരണ അവകാശതത്വത്തിന്റെ ബോധപൂർവ്വമായ നിഷേധമാണ് നിർദ്ദിഷ്ട ഏകീകൃതസർവകലാശാല ബിൽ. സർവ്വകലാശാലകളുടെ സാമൂഹിക പ്രതിബദ്ധത ഉറപ്പുവരുത്താനോ അർത്ഥപൂർണ്ണമായ അക്കാദമിക ജനാധിപത്യം ഭരണതലത്തിൽ നിലനിർത്താനോ ബിൽ അപര്യാപ്തമാണ്. തിരുവനന്തപുരത്ത് നടന്ന അദ്ധ്യാപക സെമിനാർ അഭിപ്രായപ്പെട്ടു.

ഉന്നത വിദ്യാഭ്യാസരംഗത്ത് സർവ്വകലാശാലാ അധ്യാപകർക്കുള്ള നേതൃത്വപരമായ പങ്കിനെ പാടേ അവഗണിക്കുന്ന കാഴ്ചപ്പാടാണ് ബില്ലിനുള്ളത്. സിൻഡിക്കേററ് തുടങ്ങിയ ഭരണസമിതികളിൽ ഉദ്യോഗസ്ഥമേധാവികൾക്കും സർക്കാർ നോമിനികൾക്കും അമിതപ്രാധാന്യം നൽകുന്നതുമൂലം അധ്യാപകരുടെ ഈ പങ്ക് ബിൽ തീർത്തും അവഗണിക്കുകയാണ്.

കേരളായൂണിവേഴ്സിററി ടീച്ചേഴ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ കാര്യവട്ടത്ത് സംഘടിപ്പിച്ച സെമിനാറിലാണ് ബില്ലിനെപ്പററി വിമർശനങ്ങൾ ഉയർന്നത്.

അധ്യാപന—ഗവേഷണ രംഗങ്ങളിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടത് സർവകലാശാലാലാ വകുപ്പുകളും അവിടത്തെ അധ്യാപകരും ആണെന്നിരിക്കെ സർവകവകലാശാലാ വകുപ്പുകളെത്തന്നെ നിശേഷം വിസ്മരിച്ചുകൊണ്ടാണ് നിർദ്ദിഷ്ടബിൽ തയ്യാറാക്കിയിട്ടുള്ളത്.

കാര്യക്ഷമമായ പ്രവർത്തനത്തിന് അനുപേക്ഷണീയമായ വികേന്ദ്രീകരണത്തിന് പകരം ഉദ്യോഗസ്ഥ മേധാവിത്വത്തിലും രാഷ്ട്രീയമേൽക്കോയ്മയിലും ഊന്നൽ നൽകുന്ന അപകടകരമായ വ്യവസ്ഥകളാണ് ബില്ലിലുള്ളത്. ഉന്നതവിദ്യാഭ്യാസരംഗത്തെ നിലവിലുള്ള യാഥാർത്ഥ്യങ്ങൾ പരിഗണിക്കാതെയും, ഭാവിയെ സംബന്ധിച്ച ശാസ്ത്രീയ ലക്ഷ്യബോധമില്ലാതെയുമാണ് ഇത് തയ്യാറാക്കിയിട്ടുള്ളതെന്ന് സെമിനാർ അഭിപ്രായപ്പെട്ടു. അതിനാൽ വ്യാപകവും അർത്ഥപൂർണവുമായ ചർച്ചകളിലൂടെ ഉരുത്തിരിയുന്ന പൊതു അഭിപ്രായങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട്. മാത്രമെ ബില്ലിന് നിയമപ്രാബല്യം നൽകാവൂ.

കേരളത്തിലെ സർവ്വകലാശാലകൾക്ക് ഐ ഐ ടി കളിലെ ഭരണസംവിധാനം പരീക്ഷിക്കാവുന്നതാണെന്ന് സെമിനാർ ഉദ്ഘാടനം ചെയ്ത റീജിയണൽ റിസേർച്ച് ലബോറട്ടറി ഡയറക്ടർ ഡോ എ ഡി. ദാമോദരൻ അഭിപ്രായപ്പെട്ടു.

ബില്ലിലെ അക്കാദമിക് വിരുദ്ധമായ വ്യവസ്ഥകൾക്കെതിരെ ശക്തമായ പ്രചരണ പരിപാടികൾക്ക് സർവ്വകലാശാല അധ്യാപകർ നേതൃത്വം നൽകുമെന്ന് ചടങ്ങിൽ അധ്യക്ഷനായിരുന്ന ടീച്ചേഴ്സ് അസോസിയേഷൻ പ്രസിഡണ്ട് ഡോ. പി. കെ രാജൻ വ്യക്തമാക്കി.

പ്രൊഫ. രംഗനാഥൻ (ഐ ഐ ടി കാൺപൂർ), ഡോ. എൻ കെ ജയകുമാർ, ഡോ. രാജേന്ദ്രൻനായർ, ഡോ. ഗോപകുമാർ, ഡോ ഭാസ്കരൻനായർ ഡോ. എ ആർ രാജൻ- ഡോ ശാർങ്ധരൻ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. സെക്രട്ടറി ഡോ. മാത്യു ഉമ്മൻ സ്വാഗതം പറഞ്ഞു.

kerala private college teacher

monthly journal of the all kerala private college teachers' association

R. No. 36025/81 No. 114 Registered No. KLTV(N)35

ഇത്രകാലം നാം രാഷ്ട്രത്തിനുവേണ്ടി ആസൂത്രണം നടത്തി: എന്തുഫലമുണ്ടായി? രാഷ്ട്രമിപ്പോഴും ദരിദ്രകോടികളുടെയും രോഗികളുടെയും നിരക്ഷരരുടെയും അഗതികളുടെയും യാചകരുടെയും വിശ്വൈക വിലാസഭൂമിതന്നെ!

**സുകുമാർ അഴീക്കോട്**

പ്രതിവർഷം ഒരുലക്ഷം രൂപയോളം വിവിധ ഇനങ്ങളിലായി ഫീസ് കൊടുക്കേണ്ടിവരുന്ന ഒരു സെക്കൻററി സ്കൂൾ ന്യൂഡൽഹിയിൽ ഈയിടെ സ്ഥാപിക്കപ്പെട്ടതായി 'മാതൃഭൂമി' യിൽ വന്ന വാർത്ത ഓർക്കുക.

**ഐ. എം. വേലായുധൻ**

മാരുതി കമ്പനിക്കാർ അടുത്തകാലത്ത് പുറത്തിറക്കിയ 'സെൻ'(Zen) എന്ന പുതുപുത്തൻ കാറിന്റെ കഥതന്നെയെടുക്കുക. ഒരു കാറിന്റെ വില മൂന്നുലക്ഷത്തിലധികമാണ്. അതുവാങ്ങാൻ 60,000 പേരാണ് ക്യൂ നിൽക്കുന്നത്. അതായത് ആയിരത്തെണ്ണൂറുകോടി രൂപയുടെ മുടക്കുമുതൽ. അതുകൊണ്ട് നമുക്ക് ഇന്ത്യയിലെ എല്ലാഗ്രാമങ്ങളിലും വെള്ളവും വെളിച്ചവും എത്തിക്കാം.

★ ★ ★ ★ ★

നമ്മുടെ ജീവിതത്തെ ഏററവും അധികം നിയന്ത്രിക്കുന്ന വെള്ളത്തിന് നാം തുച്ഛമായ വിലയേ നല്കുന്നുള്ളു. എന്നാൽ നമുക്ക് ഒരു ഉപയോഗവുമില്ലാത്ത സ്വർണ്ണത്തിന് നാം ഏററവും കൂടുതൽ വില നൽകി മാന്യത കല്പിക്കുന്നു. ആ സ്വർണ്ണം തന്നെയാണ് നമ്മുടെ സമൂഹത്തിലെ അഴിമതിയുടെ ഏററവും തിളക്കമുള്ള പ്രതീകം എന്നതിൽ അത്ഭുതപ്പെടാനില്ല.

**സി. ശരച്ചന്ദ്രൻ**

Printed and published by v. narayanankutty at chempaka printers
trivandrum-4 phone : 442127 chief editor: sukumaran nair